# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 5 ലക്കം 5 പേജുകൾ 40 ഓഗസ്റ്റ് 2024




## ഒളിമ്പിക്സിന്റെ നക്ഷത്രം

അനുഭവം

കാർട്ടൂൺ കേരളം

പുസ്തകപരിചയം

കഥ

കവിത

മഴയോർമ്മ

ഒളിമ്പിക്സ് ശോഭയിൽ മനു ഭാകർ


JOS ALLUKKAS
A TRADITION OF FINE JEWELLERY
മെഗാ
ഓഫർ
വിവാഹ
സ്വർണാഭരണങ്ങൾക്ക്
2.99%*
മുതൽ പണിക്കൂലി
അഡ്വാൻസ് ബുക്കിംഗ് 5% മുതൽ
*T&C apply
THRISSUR: ROUND EAST, PH: 0487-2331812
KERALA | TAMIL NADU | PONDICHERRY | KARNATAKA | ANDHRA PRADESH | TELANGANA




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

PARIS 2024



**ഒ**ളിമ്പിക്സ് ജ്വരത്തിലാണ് ലോകം. കൊച്ചു കേരളത്തിലും ആവേശത്തിന് കുറവില്ല. 10 മീറ്റർ എയർ പിസ്റ്റളിൽ മനു ഭാകർ ഇന്ത്യയ്ക്ക് ആദ്യ മെഡൽ സമ്മാനിച്ച വാർത്ത, ആവേശത്തിന്റെ ആവേഗം കൂട്ടി. ഇനിയും മെഡൽ പ്രതീക്ഷകൾ ഇന്ത്യൻ താരങ്ങൾ രാജ്യത്തിന് സമ്മാനിച്ചിട്ടുണ്ട്. അടുത്ത ദിവസങ്ങളിൽ തന്നെ, പ്രതീക്ഷകൾ മെഡലുകൾ ആകുമെന്ന കാത്തിരിപ്പ് തുടരുകയാണ് ഏറെ പേരും.


കായികരംഗത്ത് ഇന്ത്യയുടെ അടയാളപ്പെടുത്തലുകൾ, ഏറെ പുറകിലാണെന്നത് വസ്തുതയാണ്. സ്കൂൾ തലം തൊട്ട് തന്നെ മത്സരങ്ങൾ സംഘടിപ്പിച്ച്, കായിക മേഖലയ്ക്ക് ഊർജ്ജം പകരാൻ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഫലപ്രാപ്തി, മറ്റ് ലോകരാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ എത്രയോ ശോചനീയമെന്ന് പറയേണ്ടിവരും. ആളെണ്ണത്തിൽ ഏറെ മുന്നിലുള്ള രാജ്യത്ത് നിന്നും, അന്താരാഷ്ട്ര മത്സരങ്ങളിൽ തിളങ്ങുന്നവരുടെ എണ്ണം വിരലിൽ എണ്ണാവുന്നത് മാത്രമാകുന്നത് എന്തു കാരണത്താൽ ആകും?

കായികരംഗം രാഷ്ട്രീയവൽക്കരിക്കപ്പെട്ടതു തന്നെയാകാം പ്രധാന കാരണം. മികവിനെ വളരാൻ അനുവദിക്കാത്ത സ്വാർത്ഥ താല്പര്യങ്ങളും കൂട്ടിനുണ്ട്. നയതന്ത്ര, സാമൂഹിക, രാഷ്ട്രീയ ബന്ധങ്ങളെ സ്വാധീനിക്കാനുള്ള ഒരു മാർഗമായി കായികരംഗത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. കായിക നയതന്ത്രം സാംസ്കാരിക വ്യത്യാസങ്ങൾ മറികടന്ന് ആളുകളെ ഒരുമിച്ച് കൊണ്ടുവരും. സ്പോർട്സിലെ രാഷ്ട്രീയം നല്ലതും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ദേശീയതയുടെ ആവേശവും ആഘോഷവും കായിക മേഖല സമ്മാനിക്കാറുണ്ട്. നയതന്ത്ര മാർഗങ്ങൾക്കായി സ്പോർട്സ് ഉപയോഗിക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഒളിമ്പിക്സ്.

പോയ കാലത്തു നിന്നും ഏറെ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട് ഇന്ത്യൻ കായിക രംഗം. പുറകോട്ടു വലിക്കുന്ന സ്വാർത്ഥതയെയും രാഷ്ട്രീയ താൽപര്യങ്ങളെയും അവഗണിച്ച് മുന്നോട്ട് കുതിക്കുന്നതിനുള്ള കരുത്ത്, ഈ മേഖലയ്ക്ക് സ്വമേധയാ ആർജ്ജിക്കാൻ ആവില്ല. അതിന് ഭരണപരമായ ഇച്ഛാശക്തിയാണ് ആവശ്യം.

**-സി.ആർ.രാജൻ,**
എഡിറ്റർ

## കാർട്ടൂൺ കേരളം






എം.ആർ. ബാലചന്ദ്രൻ

# അകത്താളുകളിൽ


**കഥ**

അശ്റഫ് കല്ലോട് ................. പേജ് 14
നിത്യലക്ഷ്മി ....................... പേജ് 18
ഗ്രീഷ്മ അമൽ ..................... പേജ് 21
രേഷ്മ ബി. ഉദയൻ ............. പേജ് 26
പോളി എം.പി. .................... പേജ് 33

**മഴയോർമ്മ**

മണികണ്ഠൻ കുത്തനിൽ ....... പേജ് 8

**അനുഭവം**

ബഷീർ മുളിവയൽ .............. പേജ് 10

**ലേഖനം**

കെ. സന്തോഷ് ................... പേജ് 28

**പുസ്തകപരിചയം**

ജയപ്രകാശ് എറവ് .............. പേജ് 30

**കാർട്ടൂൺ**

എം.ആർ.ബാലചന്ദ്രൻ ........... പേജ് 4

**കുട്ടികളുടെ മഷിപ്പച്ച** .. പേജ് 35

**കവിത**

ഡോ. എം.ആർ.സുഭാഷിണി .... പേജ് 5
രേഖ സി.ജി. ....................... പേജ് 6
ദർശന .............................. പേജ് 7
ശ്രീ മിഥില ......................... പേജ് 12
അശോകൻ സി.ജി. .............. പേജ് 13
ടി.എം.പ്രിൻസ് ................... പേജ് 15
ജാൻസി ആർ. ഗോപാലൻ ...... പേജ് 17
ജയപാലൻ കാര്യാട്ട് .............. പേജ് 19
ബിന്ദു പത്മകുമാർ .............. പേജ് 20
നിബിൻ കള്ളിക്കാട് ............. പേജ് 23
സതി സതീഷ് ..................... പേജ് 24
ഷിദിൽ ചെമ്പ്രശ്ശേരി ............. പേജ് 25

# ചിന്തകൾ മേയുമ്പോൾ





ഡോ. എം. ആർ. സുഭാഷിണി

വിശ്രമിക്കാൻ കിട്ടിയ
ഒരു ഇടവേള.
സന്ധ്യ പകലിനെ
ഉമ്മവെച്ചുറക്കുന്ന നേരം.
ഞാൻ,
മുറ്റത്തേക്കിറങ്ങുന്നു.
സ്വാതന്ത്ര്യഗീതം പാടി
കിളികൾ രസിക്കുന്നുണ്ട്.
ഒന്നായാൽ നന്നായെന്ന
പാഠവുമുരുവിട്ട്
ഉന്മാദഭംഗിയിൽ
പൂക്കുന്ന കാടുകളിൽ
നിദ്രാടനം ചെയ്യാൻ
പക്ഷിക്കൂട്ടങ്ങൾ പറക്കുന്നുണ്ട്.
അരക്ഷിതത്വത്തെ
കനലിലെരിക്കാതെ,
കൈനീട്ടി യാചിക്കാതെ,
വവ്വാലിൻകൂട്ടങ്ങൾ
മാമ്പഴം ചപ്പിത്തിന്നാൻ
നിർഭയമെത്തുന്നുണ്ട്.
അവ,
വിതക്കാതെ
കൊയ്യാതെ,
പ്രപഞ്ചാത്ഭുതങ്ങളിൽ
മുങ്ങിനിവർന്നു പറക്കുന്നു. ..
വർഷങ്ങളായി
വൃക്ഷത്തറവാട്ടിൽ
നികുതിയടയ്ക്കാതെ,
കടമില്ലാതെ,
ജീവിക്കുന്ന മയിലുകൾ
സ്വരം തരം മാറ്റാതെ ഇപ്പൊഴും.
ആൺ മയിലുകൾ,
കാർമുകിൽ കണ്ട്
സന്തോഷത്തോടെ
നൃത്തവുമാടുന്നു...
ചുറ്റും
പെൺമയിലുകൾ
നൃത്തമാസ്വദിച്ചങ്ങ്
കുറുകിക്കുറുകി
മുട്ടിയുരുമ്മുന്നു.
വിശ്വപ്രണയം
അവിടെ നിവരുന്നു.
ഞാൻ ചുറ്റും നോക്കീടുമ്പോൾ
കടമ്പുപൂക്കാതെ
മണമൊഴുകിയെത്തുന്നു
ധ്യാനത്തിൽ മുഴുകുന്നു.
പെട്ടെന്ന്,ശബ്ദം കേട്ട്
തിരിഞ്ഞുനോക്കുമ്പോൾ
കണ്ടത്,
ഭിന്നജാതിക്കാരായ
കീരികളുടുമ്പുകൾ
സൗഹൃദത്തോളിൽ
ഇരുന്നു കൊണ്ടുതന്നെ,
വർഗ്ഗീയത തകർക്കുന്നു.
മാറുന്ന ലോകക്രമം
കണ്ടു ഞാൻ തളരുന്നു.
ഇരുട്ട് പൊതിഞ്ഞു ഞാൻ
അകത്തു കേറിപ്പോയി.
അതാ–
ഒരു മിന്നാമിന്നി
കള്ളനെപ്പോലെ
ഒളിഞ്ഞു നോക്കുന്നു.
ഒസ്യത്തു തിരയുന്നു.
എന്റെ മനസ്സ്
ആകാശം പോലെ
നരയ്ക്കുന്നു.
ഞാനെന്റെ കിടക്കയിൽ
അക്ഷരങ്ങളിൽ വീണ്ടും
വിശ്രമം തേടുന്നു.

# മഴ കാണാനിരിക്കുമ്പോൾ




രേഖ സി.ജി



ഉമ്മറത്തു പെയ്യുന്ന മഴ
ഓർമ്മകൾ പെയ്യുന്നതുപോലെയാണ്
ഒറ്റത്തുള്ളിയായ് പെയ്തുനിറഞ്ഞ്
കാടാകുന്നതുപോലെ
നനുത്ത മഴനൂലുകൾ
അഴിഞ്ഞുലഞ്ഞ മുടിയിൽ
എന്റെ  മുടിപ്പിന്നാകും.
നെറുകയിലൊരു മുത്തംതന്ന്
മുത്തശ്ശിമണങ്ങളിൽ
എന്നെയലിയിക്കും.
കട്ടൻചായയ്ക്കൊപ്പം
തൊണ്ടയിലൂടെ മഴയിറങ്ങവേ
ഒറ്റതുള്ളിയിൽ
പൂക്കുന്ന വാകച്ചുവടുകൾ
എന്നിലുണ്ടെന്ന് ചെവിയിലടക്കം പറയും.
പെരുമഴയത്തും വരണ്ടുപോകുന്ന
എന്നിലെ ചൂട്
കാണാത്തതെന്തെന്ന് ഞാൻ തിരക്കും
തിളച്ച വെള്ളവും ഞാൻതന്നെയെന്ന്
മഴയും തർക്കിച്ചുകൊണ്ടേയിരിക്കും.
ആയിക്കോട്ടെന്ന് ഞാനും.
ഇറത്തുമ്പിൽനിന്നും
തെറിച്ച തുള്ളികളാലെന്നെ
അരിശം പിടിപ്പിക്കുന്നു.
തകർത്തു പെയ്യുന്ന മഴയെ
ഒറ്റത്തട്ടിന് ദൂരെക്ക് തട്ടിതെറിപ്പിക്കുന്നു.
മുഖത്തുവീണ ഒറ്റത്തുള്ളികളെല്ലാം
അലിഞ്ഞൊന്നാകുന്നതുവരെ
ഞാനത് തുടയ്ക്കാതിരിക്കുന്നു.
ഇളംത്തിണ്ണയിലിരുന്ന്
ഞാനും മഴയും മണ്ണപ്പം കളിക്കുന്നു.
ഒച്ചയില്ലാതെ കൂട്ടുകൂടുന്ന
നല്ല കൂട്ടുകാരാകുന്നു

# കവിതയും ഹൃദയവും

കവിത



ദർശന

പൊടുന്നനെ ഉലഞ്ഞുതിർന്ന
കടുംതുടിതാളം പോലെ
മഴ ചിതറിവീണ രാത്രിയിലാണത്രെ
കാണാതായത്.
സമയമോർക്കുന്നതേയില്ല.
വരണ്ട മണ്ണിന്റെ മാറിലേക്ക്
വിഷാദശ്രുതി പോലെ
മഴ പെയ്തുവീണു.
വിശന്ന കുഞ്ഞിനെപ്പോലെ
മണ്ണത് നുകർന്നു കൊണ്ടുമിരുന്നു.
ഒതുക്കുകല്ലുകൾക്കരിക്കിൽ
നിശയുടെ പതുങ്ങുന്ന ഒച്ചകൾ
കാതോർത്തിരിക്കുകയായിരുന്ന
എനിക്കരികിലപ്പോൾ
നനുത്ത രോമങ്ങളുള്ള
കുറിഞ്ഞിപ്പൂച്ചയുടെ പതിഞ്ഞ
താളത്തിലുള്ള മുരളലും
മഴയുടെ കലമ്പലും മാത്രമേ
ഉണ്ടായിരുന്നുള്ളൂ.
സർവ്വചരാചരങ്ങളും
ഉറങ്ങിപ്പോയ അന്നേരത്താണ്
എന്റെ വാക്കുകൾ അപ്രത്യക്ഷമാകുന്നത്.
മഴ കരഞ്ഞുകൊണ്ട് എന്നെ പൊതിഞ്ഞു പിടിച്ചു.
തെറിച്ചു വീണ കണ്ണീർതുള്ളികൾ
നനച്ചതിന്റെ ഈർഷ്യ യിൽ
കുറിഞ്ഞിപ്പൂച്ച മുരണ്ടു.
പൊടുന്നനെ, ആകാശത്തുനിന്നും
ഒരഗ്നിവേൽ ഇറങ്ങിവരികയും
നടുമുറ്റം തുളച്ചുപോവുകയും ചെയ്തു.
പ്രചണ്ഡമായ രുദ്രതാളം മുഴങ്ങുകയും
നടുമുറ്റം കൈലാസം പോലെ പ്രകമ്പിതമാവുകയും
ചെയ്തനേരത്ത് ഞാനെന്റെ
പുതപ്പിനടിയിൽ അഭയം പ്രാപിച്ചു.
ചില്ലു ജാലകങ്ങൾക്കപ്പുറത്ത്
രുദ്ര നടനം തുടർന്നുകൊണ്ടേയിരുന്നു.
സമയമാപിനിയുടെ വിറയാർന്ന മണിയൊച്ചകൾ
ഏറെ വൈകിപ്പോയെന്ന് കലഹിക്കുന്നത് കേട്ടാണ്
ഉണർന്നതുതന്നെ.
തലേന്ന് കരുതിവെച്ച തെച്ചിപ്പഴങ്ങൾ
കാണാതെ ചാഞ്ഞും ചെരിഞ്ഞും
നോക്കിക്കൊണ്ടിരുന്ന
കുഞ്ഞിക്കുരുവിയുടെ
സംശയക്കണ്ണുകളെ അവഗണിച്ച്
ചൂടുകാപ്പിയൂതി കുടിക്കുമ്പോൾ
മഴ വീണ്ടും പെയ്യാൻ തുടങ്ങുന്നു.
ചിതറി വീണ ആലിപ്പഴങ്ങൾ നനഞ്ഞ
മണ്ണിൽ ചിത്രങ്ങളെഴുതി അപ്രത്യക്ഷമാകുന്നു.
ഒരുപക്ഷേ എന്റെ വാക്കുകളും ഇതുപോലെയാകുമോ
അപ്രത്യക്ഷമായത്?
നനഞ്ഞു കുതിർന്ന മണ്ണിൽ നിന്നും ഒരു
പുൽനാമ്പ് മുളപൊട്ടും പോലെ എന്റെ ഹൃദയത്തിൽ
വീണ്ടുമവ മുളപൊട്ടിയേക്കും
മന്ത്രവിത്ത് വീണു തകർന്നടിഞ്ഞ കൊട്ടാരം പോലെ
അതന്റെ ഹൃദയത്തിൽ നിന്നും ശാഖികൾ നീട്ടുമായിരിക്കും
അതൊരു പക്ഷേ എന്നെത്തന്നെ ഉടച്ചു കളയുമായിരിക്കും .
നിങ്ങൾക്കന്നേരം
വെളുത്ത പൂവുകൾ മാത്രമായിരിക്കും കാണാനാകുന്നത് .
നിങ്ങളതിനെ കവിതയെന്ന് വിളിക്കും .
ഞാനതിനെ വാക്കുകളാൽ
തീർക്കപ്പെട്ട എന്റെ ഹൃദയമെന്നും.



# ഓർമ്മത്തുള്ളികൾ



**മണികണ്ഠൻ കൂത്തനിൽ,**
**കാരാകുറുശ്ശി**

**മഴ**ക്കോളു കാൺകെ, പിടക്കോഴി കുഞ്ഞുങ്ങളെ എന്ന കണക്കെ ഞങ്ങളെ കൂട്ടിപ്പിടിച്ച് അമ്മ പടിഞ്ഞാറ്റിയിലേക്ക് കയറ്റും. വീണ്ടും ജനാലക്കിടയിലൂടെ പുറത്തേക്ക് നോക്കാൻ ശ്രമിക്കുമ്പോൾ ഇടിവാള് മിന്നുമെടാന്ന് പറഞ്ഞ് അമ്മ പിന്നിലേക്ക് വലിക്കും.

പുതുമഴയിൽ പൊട്ടിത്തെറിച്ചു വീഴുന്ന ആലിപ്പഴത്തിന്റെ തെളിമയും കുളിർമയും ചില്ലു ഗ്ലാസിലിട്ട് വേണ്ടുവോളം ആസ്വദിക്കും.

എറേച്ചാലിലെ നീരൊഴുക്കിൽ ഒഴുക്കിവിടുന്ന കളിവഞ്ചികൾ മുങ്ങിത്താഴുമ്പോഴുള്ള സന്തോഷം ഒന്നു വേറെ തന്നെ.

അടുക്കളയുടെയും കോലായയുടെയും ഓട്ടിൻപ്പുത്തുനിന്നു കുത്തിയൊലിച്ച് നടുത്തളത്തിൽ വീഴുന്ന വെള്ളച്ചാട്ടത്തിൽ ആവോളം മുങ്ങി നീരാടുമ്പോൾ, ചീരാപ്പ് പിടിക്കുമെന്ന് പറഞ്ഞ് വടി എടുത്ത് അടിക്കുന്ന പോലെ അമ്മ മെരട്ടാൻ നോക്കും വാതിലുകൾ ഇല്ലാത്ത കോലായയുടെ ജനാലകളിലൂടെ തോരാമഴയത്ത് മിന്നൽപിണർപ്പുകൾക്കിടയിലൂടെ ഷാപ്പ് പൂട്ടിവരുന്ന അച്ഛന്റെ എവറെഡി ടോർച്ചിന്റെ വെളിച്ചം കാത്തിരിക്കും.

തുളസീധരൻ മാഷുടെ ക്ലാസിൽ ഗുണനപ്പട്ടിക തെറ്റാതെ ചൊല്ലിയ സന്തോഷത്തോടെ പുറത്തെ നൂൽമഴ നോക്കിയിരിക്കുമ്പോഴാണ് ലക്ഷ്മിയമ്മ ചോളം ഉപ്പുമാവ് താളിക്കുമ്പോഴുള്ള മണം മൂക്കിൽ തുളച്ചു കയറുക.

കാക്കി നിറമുള്ള ഒറ്റക്കുപ്പായം കൊണ്ട് ആഴ്ചയിലഞ്ചു ദിവസവും കഴിയുന്ന കാലം!

ഉണക്കി എടുക്കാൻ അടുപ്പിന് കുറുകെ വച്ച വിറകു കൊള്ളികളിൽ വിരിച്ച് കനലിളക്കി തിരിച്ചും മറിച്ചുമിട്ട് കുപ്പായം ഉണക്കി എടുത്ത കാലം, പഴന്തുണിയുണ്ടോ എന്ന് ചോദിച്ചു വരുന്നവരെ കാണുമ്പോൾ ഇന്നുമോർക്കുന്നു ഞാൻ!

വറുത്ത പുളിങ്കുരു തൊലി കളഞ്ഞ് ശർക്കരയിട്ട് പുഴുങ്ങിയതും കാത് പൊട്ടിയ ചീ



ഞ്ചട്ടിയിൽ വറുത്തെടുത്ത ചക്കക്കുരുവും ഉറിയിൽ നിന്ന് വാരിയെടുത്ത് തിളച്ച എണ്ണയിൽ മുങ്ങി നീരാടിവരുന്ന ചക്ക കൊണ്ടാട്ടവും പഞ്ചാരക്കു പകരം വെല്ലമിട്ടു തിളപ്പിച്ചെടുത്ത കട്ടൻ കാപ്പിയിലേക്ക് അരി വറുത്തതും ചിരവിയ തേങ്ങയും ചേർത്തിളക്കുമ്പോഴുള്ള കൊതിപ്പിക്കുന്ന മണവും ചെറിയ ഉള്ളിയും വെളിച്ചണ്ണയുമൊഴിച്ച് താളിച്ച് അരിമുളക് ചതച്ചിട്ട് ഉണ്ടാക്കിയ മുതിരപ്പുഴുക്കും നെല്ല് കുത്തി കൊണ്ടുവന്ന പൊടിയരിയിൽ ഇഞ്ചിയും കപ്പൽമുളകും കറിവേപ്പില തേങ്ങയും ചേർത്തിളക്കിയുണ്ടാക്കുന്നു അരി ഉപ്പുമാവും മഴക്കാലത്തിന്റെ വേറിട്ട രുചി വൈവിധ്യങ്ങളാണ്.

പട്ടയോ തേങ്ങയോ വീണ് എപ്പോഴും പൊട്ടി നിൽക്കുന്ന കോലായയുടെ മേൽക്കൂരയിലെ അഞ്ചാറ് ഓട്ടിൻ പൊളികളിലൂടെ നുഴഞ്ഞുകയറി വരുന്ന വേനൽമഴ, കുഞ്ഞപ്പ വരച്ച കാവി നിലത്തെ ചതുരപ്പൂവിൽ ഇന്ത്യയുടെ ഭൂപടം വരച്ചു തുടങ്ങുന്നതും ക്രമേണ ആ ഭൂപടം വിസ്തൃതി വർധിപ്പിച്ച് ഓലപ്പായയുടെ അടിഭാഗത്തിലേക്ക് അരിച്ചെത്തുന്നതുമാണ് അവിസ്മരണീയമായ മഴയോർമ്മ.

മഴ തോർന്നുതുടങ്ങുമ്പോൾ കോലായയിൽ വെള്ളം വീഴുന്ന ഭാഗത്ത് വച്ച പിച്ചളചെമ്പോട്ടിയിൽ മഴത്തുള്ളികൾ തീർക്കുന്ന സംഗീതം കേട്ടാസ്വദിച്ചുള്ള ഉറക്കത്തിന്റെ സുഖം ഒന്നു വേറെ തന്നെയാണ്.

വൈകുന്നേരങ്ങളിൽ കുളിർകോരി എത്തുന്ന പേമാരിയിൽ ഇരുളടഞ്ഞ അകായിയിലെ മൃദു സ്പർശവും ചൂടും ചൂരും എങ്ങിനെ മറക്കും. കൈത്തണ്ടയിലുരസിയ കുപ്പിവളപ്പൊട്ടിന്റെ വകറലും നീറ്റലും തീർത്തനാണം ഇപ്പോഴും നുണക്കുഴി കവിളിൽ ഒളിഞ്ഞിരിപ്പുണ്ട്. വർണ്ണാഭമായ കിനാക്കളിൽ മുഴുകിയിരിക്കുമ്പോഴും പുറത്ത് ചന്നം പിന്നം ഓർമ്മ പെയ്ത്തായി ഇപ്പോഴും ചാറ്റൽ മഴയുണ്ട്. പുലഭ്യം പറയുന്നവർക്കു നേരെ ആർത്തട്ടഹാസിച്ചും പ്രണയമാഗ്രഹിക്കുന്നവർക്കിടയിലേക്ക് ശീതളസ്പർശമായി ഇക്കിളികൾ സമ്മാനിച്ചും മഴ പെയ്തു പോവുന്നു.

വിണ്ടുകീറിയ വയലേലകളിൽ മഴത്തുള്ളികൾ നൃത്തം വെച്ച് തുടങ്ങും മുമ്പേ മാക്രിക്കൂട്ടങ്ങളുടെ കൂട്ടക്കരച്ചിൽ കേട്ടുതുടങ്ങി.

ചില നേരങ്ങളിൽ, ഒഴുകി മെലിഞ്ഞ പുഴകളെ തീരത്തേക്ക് തള്ളി മാറ്റി രൗദ്രഭാവം പുറത്തെടുക്കുന്നു മഴ. തിരിച്ചു പിടിച്ച കരയോരങ്ങളിൽ ഉന്മാദനൃത്തം ചവിട്ടി

വൻവൃക്ഷങ്ങളെ കടപുഴക്കി സംഹാര ദുർഗ്ഗയുടെ പരിവേഷം ചാർത്തി വാർത്തകളിൽ നിറഞ്ഞു കവിയുന്നു മഴ.

അപ്പോഴും ആതുരാലയങ്ങളുടെ തീവ്രപരിചരണ വിഭാഗങ്ങളിൽ തുള്ളി വെള്ളമിറക്കാൻ കഴിയാതെ ഭയവിഹ്വലതയിൽ കഴിയുന്നു മാനവ ജന്മം !

അനുഭവം

# ഓർമയിൽ ഇപ്പോഴും സൂക്ഷിക്കുന്ന ഗണേശവിഗ്രഹം





ബഷീർ മുളിവയൽ

**90**കളിൽ ബോംബെ തെരുവിൽ അന്തിയുറങ്ങുന്ന ഒരു പാതിരാത്രി. കിടന്നുറങ്ങുന്നതിന്റെ തൊട്ടടുത്തു രാത്രി പുലരുംവരെ വെള്ളമടിച്ചിരിക്കുന്ന ടപ്പൂരി സംഘത്തിലുള്ളവർ (ഗ്യാങ്) തമ്മിൽ വഴക്കുണ്ടാവുകയും അതിലുള്ള ഒരാളെ മറ്റുള്ളവർ ആക്രമിച്ചു കൊല്ലുകയും ചെയ്തു.

ബഹളം കേട്ട് ഒന്ന് തല ഉയർത്തി നോക്കിയെങ്കിലും ഭയം കാരണം ഞാൻ കണ്ണുകൾ ഇറുക്കെ ചിമ്മി ചുരുണ്ടു കിടന്നു. ഒറ്റനോട്ടത്തിൽ കണ്ടത് അക്രമം തന്നെ. അത്തരത്തിലുള്ള അക്രമങ്ങളൊന്നും സിനിമയിൽ പോലും കണ്ടു ശീലമില്ലാത്ത എന്നിലെ പതിനെട്ടുകാരന് താങ്ങാനാകുന്നതിനപ്പുറമായിരുന്നു. പേടിച്ചുവിറച്ചു ഉറക്കം വരാതെ കിടക്കുന്ന എന്നെ കുറച്ചു സമയം കഴിഞ്ഞപ്പോൾ ഒരാൾ വന്നു തട്ടി വിളിച്ചു. അതൊരു പോലീസുകാരനായിരുന്നു. അയാൾ എന്നെയും വേറെ രണ്ടു പേരെയും വിളിച്ചു പോലീസ് ജീപ്പിലിരിക്കുന്ന മേലുദ്യോഗസ്ഥന്റെ അടുത്ത് കൊണ്ട് പോയി.

'ഇവിടെ എന്താണ് നടന്നത് എന്നായിരുന്നു' അവർക്ക് അറിയേണ്ടിയിരുന്നത്.

'സാറേ ഒന്നുമറിയില്ല തല വേദനയായതു കൊണ്ട് പെട്ടെന്ന് കിടന്നുറങ്ങിപ്പോയി' എന്ന് കള്ളം പറഞ്ഞു.

പോലീസുകാർ ഞങ്ങളോട് മൃതദേഹം റോഡിൽ നിന്നെടുത്തു ഫുട്പാത്തിൽ കിടത്താൻ ആവശ്യപ്പെട്ടു.

'ചെയ്തില്ലെങ്കിൽ അവർ അറസ്റ്റ് ചെയ്താലോ എന്ന് ഭയന്നു അങ്ങനെ ചെയ്യേണ്ടി വന്നു'.

വിസ്തരിൽ വന്നു കിടന്നതേ എനിക്കോർമ്മയുള്ളൂ. കുറേ കഴിഞ്ഞു എന്റെ തലമുടിയിലൂടെ ആരുടെയോ വിരലോടുന്നതറിഞ്ഞാണ് ഞെട്ടിയുണർന്നത്.

തൊടാനാകാത്തവിധം ചുട്ടു പൊള്ളുന്ന എന്റെ പനിയും, ഞരക്കവും കണ്ട് മാതൃഹൃദയമുള്ള ഒരു സ്ത്രീ എന്റെ അരികിൽ വന്നിരിക്കുകയായിരുന്നു.

(റോഡിൽ പാട്ടയും, കടലാസും പെറുക്കി വിറ്റ് ജീവിക്കുന്ന അവരെ ഞാൻ മാജി

എന്നാണ് വിളിച്ചിരുന്നത്). തല ഉയർത്താൻ പോലുമാകാത്ത പനിക്കിടയിലും കൊല്ലപ്പെട്ട ആളുടെ ചോരയിൽ മുങ്ങിയ മുഖം എന്നെ പേടിപ്പിച്ചുകൊണ്ടേയിരുന്നു.

മാജി തല തടവുന്നത് നിറുത്തി എങ്ങോട്ടോപോയി കുറച്ചു കഴിഞ്ഞു വീണ്ടും വന്നെന്റെ അരികിലിരുന്നു.

എന്റെ കൈകൾ നിവർത്തി അതിൽ എന്തോ ഒന്ന് വച്ചു തന്നു പേടിക്കേണ്ട, പേടിക്കേണ്ട, ഞാൻ പ്രാർത്ഥിക്കുന്നുണ്ട് നീ ഉറങ്ങിക്കോ എന്നു പറഞ്ഞുകൊണ്ട് അവരെന്നെ ചേർത്തുപിടിച്ചു പിന്നീടെപ്പോയോ ഞാൻ ഉറങ്ങിപ്പോയി.

സൂര്യൻ വന്നു കാൽപ്പാദങ്ങളെ പൊള്ളിക്കാൻ തുടങ്ങിയപ്പോയാണ് എഴുന്നേറ്റത്.

പുതപ്പ് മടക്കി വെക്കുമ്പോൾ അരികിൽ ഒരു ചെറിയ പിത്തള ലോക്കറ്റ്. എടുത്തു നോക്കിയപ്പോൾ അതൊരു  ഗണേശവിഗ്രഹരൂപം കൊത്തിയിരുന്നു.

അപ്പോഴാണ് മാജി പാതിരാവിൽ എന്റെ കൈ നിവർത്തി പിടിപ്പിച്ചതിനെപ്പറ്റി ഓർത്തത്.

അവർ എന്റെ പേടി മാറ്റാൻ നൽകിയതാവണം ആ ഗണേശരൂപം.

അതും കൈയിൽ പിടിച്ചാണ് ഞാൻ ഖുർആൻ ആയാത്തുകൾ ഓതി അല്ലാഹുവിനോട് പ്രാർത്ഥിച്ചത്.

ഞാൻ മുസ്ലിമാണെന്ന് മാജിക്കറിയാം. നിസ്കരിക്കുന്നതൊക്കെ അവർ കണ്ടിട്ടുണ്ട്.

ചിലപ്പോൾ നിസ്കാരം കഴിഞ്ഞോ എന്നൊക്കെ ചോദിക്കാറുണ്ട്.

എന്നിട്ടും എനിക്ക് പനി വന്നപ്പോൾ സ്വന്തം ദൈവത്തെ എന്നെ സഹായിക്കാൻ ഏൽപ്പിച്ച മാജിയോട് കൂടുതൽ സ്നേഹവും ബഹുമാനവും തോന്നി.

അന്ന് രാത്രി ആ ഗണേശ ലോക്കറ്റ് മാജിക്ക് തിരികെ നൽകിയപ്പോൾ വേണ്ട, ഇന്നലെ നീ നന്നായി പേടിച്ചിട്ടുണ്ട് ഉറങ്ങുമ്പോൾ അത് തലയിണയുടെ അടുത്ത് വച്ചോ.

ഞാൻ  ഗണേശനേ പ്രാർത്ഥിച്ചാണ് എപ്പോഴും ഉറങ്ങാൻ കിടക്കുക എന്ന് പറഞ്ഞു മറ്റൊരു വിഗ്രഹം കാണിച്ചു തന്നു അവർ.

വിശ്വാസപരമായ ഒരു അടുപ്പവും ഇല്ലാഞ്ഞിട്ടും മാജിയോടുള്ള സ്നേഹം കാരണം ഞാനാ ഗണേശരൂപം വസ്ത്രങ്ങൾക്കൊപ്പം ബാഗിൽ സൂക്ഷിച്ചു വച്ചു.

പിന്നീടെപ്പോഴോ അതെനിക്ക് നഷ്ടമായെങ്കിലും മാജിയുടെ ഓർമകൾ കടന്നു വരുമ്പോഴൊക്കെ പേടിച്ചുപോയ ആ രാത്രിയും, ഗണേശരൂപം കൊത്തിയ ലോക്കറ്റും മനസ്സിൽ തെളിഞ്ഞു വരും.

എല്ലാമനുഷ്യർക്കുമുണ്ടാകും ഏതെങ്കിലും ഒരു വിശ്വാസം അത് മുഴുവൻ യുക്തിസഹമായികൊള്ളണമെന്നില്ല.

എന്റെ വിശ്വാസങ്ങളിൽ പലതും, മറ്റു മതത്തിലുള്ളവർക്ക് കഥയൊ, വിഡ്ഢിത്തമോ ആകാം,

അത് പോലെ തന്നെ അവരുടെ വിശ്വാസങ്ങളിൽ പലതും എനിക്കും.

എങ്കിലും മറ്റുള്ളവരുടെ വിശ്വാസങ്ങളെ നമ്മൾ ബഹുമാനിക്കുന്നത് ആ മനുഷ്യനോടുള്ള  സ്നേഹമാണ്. ഓരോരുത്തർക്കും അവരവരുടെ വിശ്വാസം മഹത്തരമാണ്.

വിശ്വാസമുള്ളവനും ഇല്ലാത്തവനും മനുഷ്യൻ എന്നുള്ള നിലയിൽ മറ്റൊരു മനുഷ്യന്റെ നന്മയാണ് ആഗ്രഹിക്കേണ്ടത്. ഞാൻ എന്റെ ദൈവത്തോടും നീ നിന്റെ ദൈവത്തോടും പ്രാർത്ഥിക്കേണ്ടത് നമുക്ക് സന്തോഷവും, സമാധാനവും ഉണ്ടാകണേ എന്നാണ്. ●

കവിത

# ഒരു ഭ്രാന്തന്റെ മനസ്സിൽ





ശ്രീ മിഥില

അടുക്കി വെച്ച പുസ്തക താളിൽ
ഒളിച്ചു വെച്ച മയിൽ പീലി
പ്രസവിച്ച് ഇരട്ടിച്ചില്ല

കെട്ടു പൊട്ടി അടുക്കുതെറ്റിയ
പുസ്തകക്കെട്ടിൽ
പൊടി നിറഞ്ഞു
ചിതലരിച്ച താളിൻ
എണ്ണം കുറഞ്ഞു

വറ്റിയ കണ്ണിൽ ഓർമ്മ ത്തിളക്കം
വരണ്ട ചുണ്ടിൽ
ഉണങ്ങിയ പുഞ്ചിരി

പൊടിഞ്ഞ താളിന്നിടയിൽ
മയിൽ പീലി
മാനം കാണാതെ
വീർപ്പു മുട്ടുന്നു

കാപ്പി പൂത്ത മണം
കാറ്റിൽ പരക്കുമ്പോൾ

കാനന ചോലയിൽ
കാൽ നനച്ചു നിന്ന
കാർത്തുമ്പിയുടെ
കാർകൂന്തലിന്റെ ഗന്ധം

കടിഞ്ഞാൺ പൊട്ടിയ
മനസ്സിൽ
ഇന്നലകളുടെ കുപ്പിവള കിലുക്കം മഴത്തുള്ളി
ഇറ്റു വീഴുന്ന സന്ധ്യക്ക് കൊളുത്തിയ
ദീപ നാളം കാറ്റിൽ ഉലഞ്ഞു

ചെളി പുരണ്ട കാൽപാടുകളിൽ
ചങ്ങല വലിയുന്നു
കാലപ്പഴക്കത്തിൽ
കാലിലുറച്ച ചങ്ങല
തുരുമ്പിൽ പൊതിഞ്ഞു

കടലിന്നഗാധതയിൽ
ഒരു വെൺ ശംഖു
നിശ്ചലമായ് കിടന്നു

# അവസ്ഥാന്തരം



അശോകൻ.സി.ജി.

അമ്മാമ്മയുടെ പേരക്കുട്ടിക്ക്
വർഷാന്ത്യ പരീക്ഷ...
അമ്മയുടെ കൂടെയുള്ള അമിത സഹവാസം
പരീക്ഷയെ ബാധിക്കുമെന്ന ഭയം
മാതാപിതാക്കൾക്ക്.
പരീക്ഷ കഴിയുന്നതുവരെ മകൾക്ക്
ഹോസ്റ്റൽ വാസം..

ഓമനക്കുരുന്നിനെ കാണാതെ
അമ്മാമ്മേടെ മനസ്സിലാധി..
ആധി വ്യാധിയായി..
ആ വ്യാധിയിൽ ഉണ്ണിയെ കാണാതെ
തന്നെ അമ്മാമ കൂടൊഴിഞ്ഞു...
മകളെ അറിയിക്കണോ ?
ചർച്ച മുറുകി...
അവസാനം പരീക്ഷയ്ക്ക് മുൻതൂക്കം
നൽകി മരണം അവളെ
അറിയിക്കേണ്ടെന്ന് തീരുമാനിച്ചു ..
പരീക്ഷകഴിഞ്ഞന്ന്
അമ്മാമ്മേയെന്ന് വിളിച്ചോടിയെത്തിയ
കുഞ്ഞുമോളെ എതിരേറ്റത് മാല ചാർത്തി
യിട്ട അമ്മാമ്മയുടെ വലിയ ഫോട്ടോ..

ഒറ്റനോട്ടത്തിൽ വിവരം ഗ്രഹിച്ചവൾ
ബോധമറ്റ് വീണു..
ഉണർന്നെണീറ്റ അവൾ പിന്നീട്
ആരോടും മിണ്ടിയില്ല...

നാളുകൾ കഴിഞ്ഞു.. പഠനത്തിൽ മികച്ചവൾ
ഉന്നത ബിരുദങ്ങൾ കരസ്ഥമാക്കി...
വിവാഹ ശേഷം
വിദേശത്ത് ജോലി നേടി താമസവും
അവിടെയായി.

കാലങ്ങൾ കടന്നുപോയി ബന്ധങ്ങൾ
വാട്സ്ആപ്പ് മെസ്സേജുകളിൽ മാത്രം
ഒതുങ്ങി നിന്നു.

ഒരു ദിവസം അച്ഛന് പെട്ടെന്ന് അറ്റാക്ക്
വന്നു.
അടിയന്തരമായി ഹോസ്പിറ്റലിൽ
അഡ്മിറ്റ് ചെയ്തു .
പുറത്ത് ഉൽക്കണ്ഠയോടെ കാത്ത് നിൽക്കു
ന്നവരുടെ നേർക്ക്
ഐ.സി.യുവിൽ നിന്നും
അറിയിപ്പെത്തി...
മകളെ വിളിക്കണം
പേഷ്യന്റിന് മകളോട് സംസാരിക്കണമെന്ന്..
പുറത്തു നിന്ന
അമ്മയുടെ ഫോണിൽ നിന്ന് വിദേശത്തേക്ക്
മെസ്സേജ് പറന്നു...
അച്ഛൻ സീരിയസ് ആയി
ഐസിയുവിൽ..!
മോളോട് സംസാരിക്കണമെന്ന്..
പലവട്ടം കോൾ പോയി..
മറുപടിയില്ല.
അവസാനം വാട്സപ്പിൽ റിപ്ലെ വന്നു.
സോറി
ഇവിടെ മകളുടെ എക്സാം ആണ്
വിയാർ വെരി ബിസി...





അശ്റഫ് കല്ലോട്

## വിഷം

അപ്പക്കഷണത്തിൽ പുരട്ടിവെച്ച വിഷം കഴിച്ചിട്ടല്ല. അടുക്കളയിലെ അലമാരയിൽ നിന്നും കട്ടെടുത്ത ബിസ്ക്കറ്റ് കഴിച്ചിട്ടാണത്ര എലി ചത്തുമലച്ചത്

## മഴയുണ്ടാകുന്നത്

ജലാശയങ്ങളിലെ ജലം ചൂടുപിടിച്ച് നീരാവിയായി മേൽപ്പോട്ട് ഉയർന്ന് ഉയർന്ന തലങ്ങളിൽ എത്തുന്നതോടെ തണുക്കുകയും നീരാവി ഖനീഭവിച്ച് മഴയായി ഭൂമിയിൽ എത്തുകയും ചെയ്യുന്നു.

മകളുടെ ശാസ്ത്ര പാഠപാരായണം അടുക്കളയിൽ തീ ഊതുന്ന അമ്മയുടെ ചെവിയിൽ വന്നലച്ചു. ഓ ശരിയാ... മഴയുണ്ടാകുന്നത് കടലിന് തീപിടിച്ച്..... വാക്കുകൾ മുഴുമിപ്പിക്കുന്നതിനു മുമ്പ് വീടിന്റെ മേൽക്കൂരയിലൂടെ ചോർന്നിറങ്ങിയ മഴത്തുള്ളികളിൽ അമ്മയും മകളും നനഞ്ഞു കുതിർന്നു വിറങ്ങലിച്ചു .പിന്നെ മകളുടെ ഒരു ചോദ്യമായിരുന്നു

എല്ലാ വീട്ടിലും ഇങ്ങനെ മഴ പെയ്യുമോ അമ്മേ?

## കള്ളൻ

നഗരത്തിലെ ഒരു വീട്ടിൽ കയറിയ മോഷ്ടാവ് വില കൂടിയതെല്ലാം എടുക്കുമ്പോൾ വീട് ബഹളം വെച്ചു .പക്ഷേ മറ്റൊരു വീടും അങ്ങോട്ട് എത്തിനോക്കിയതേയില്ല .ഓരോ വീടും അടുത്ത വീടിനോട് പിണക്കമായതിനാൽ കള്ളന് പരമ സുഖമായി.

## മണ്ണ്

മണ്ണ് എന്ന രണ്ടക്ഷരം മാത്രമായിരുന്നു അയാളുടെ ജീവിതത്തിലെ ഒരേയൊരു സ്വപ്നം. ഉറക്കത്തിലും ഉണർവിലും മണ്ണ് കൂമ്പാരമാകുന്ന കാഴ്ച . ഒരുപിടി മണ്ണിനോടുള്ള ഒടുങ്ങാത്ത പ്രേമം കൊണ്ടാവണം അതിരു തർക്കത്തിലൂടെയും മറ്റും അയൽക്കാരും നാട്ടുകാരും അയാളുടെ എതിർപക്ഷത്തായത് . എങ്കിലും ഇപ്പോൾ അയാളുടെ സ്വപ്നം എല്ലാ പൂർണ്ണതയോടെയും സാക്ഷാത്കരിക്കപ്പെട്ടപ്പോൾ മണ്ണ് കൂമ്പാരമായി അയാൾക്ക് മുകളിൽ . ദേഹത്തെ ബന്ധിതമാക്കിയ മൺകൂന ;പക്ഷേ ഇപ്പോൾ അയാളുടെ ശത്രുവാണ്.

# ഉപ്പുമാവ്

കവിത



ടി. എം. പ്രിൻസ്.



ഇടവപ്പാതിയുടെ മഴ നനഞ്ഞാണ്
തോടും പാടവും കുറുകെ കടന്നു
പള്ളിക്കൂടത്തിലേക്കുപോകുന്നത്

നനഞ്ഞു
തൊട്ടുവക്കത്തിരുന്നു
മീൻ പിടിക്കുന്ന
പാണൻ രാഘവന്റെ കുടത്തിലെ
പരലിനെയും പള്ളത്തിയേം,
അത്ഭുതത്തോടെ നോക്കിനിൽക്കും.
മനക്കലെ പറമ്പിൽ തളച്ചിട്ടിരിക്കുന്ന
കൊമ്പനോട് കുശലംപറഞ്ഞു
സലാം കൊടുക്കും.

മുള്ള് വേലിക്കപ്പുറത്തെ
മൂത്തു പഴുത്തു നിൽക്കുന്ന
മൂവാണ്ടൻ മാങ്ങക്ക് കല്ലെറിയും
കുലച്ചു നിൽക്കുന്ന ഞാലി പൂവന് കണ്ണെറിയും

വഴിവക്കിൽ നിൽക്കുന്ന
വട്ടയിലപറിച്ചെടുത്തു പുസ്തകകെട്ടിനുള്ളിൽ
ഭദ്രമായി വെക്കും...

ഇടവഴികടന്നു വളവിലെത്തുമ്പോൾ
നായരേട്ടന്റെ ചായ പീടി കയിലെ
ചില്ലുകൂട്ടിലിരിക്കുന്ന സുഗിയനും,
പരിപ്പുവടയും കൈകാട്ടി വിളിക്കും
കണ്ടില്ലന്നു നടിച്ചു നടക്കുമ്പോൾ
പുളിച്ച മാവിൽ ചുട്ടെടുത്ത ദോശയുടെമണം
ഓടിവന്നു ചുറ്റിപ്പിടിക്കും..

തൊട്ടടുത്ത് കുഞ്ഞേട്ടന്റെ
പീടികയിലെ
നെല്ലിക്ക ഭരണിക്ക് മുൻപിൽ
ചെങ്ങാതികൂട്ടം കാത്തു
നിൽക്കുന്നുണ്ടാകുമപ്പോൾ

അമ്മയോട് കെഞ്ചി വാങ്ങിയ
അഞ്ചുപൈസ കൊടുത്തു ഒരു നെല്ലിക്കവാങ്ങും

ഓരോരുത്തരായി  പങ്കിട്ടെടുത്തു
കടിച്ചുചവച്ചിറക്കുമ്പോൾ
ഉപ്പും പുളിയും ചവർപ്പും ചേർന്ന
രസഭാവങ്ങൾ
മുഖത്താകെ നിറയും

നാവിലെ രുചി മാറും മുൻപേ ഓടിപോയി
തട്ടാത്തി അമ്മിണിയുടെ കിണറ്റിലെ

വെള്ളം കോരികുടിക്കും.. വായിലപ്പോൾ
മധുരത്തിന്റെ പെരുംകടൽ.
തിരയടിക്കും...

മഴക്കൊപ്പം
തുള്ളികളിച്ചു സ്കൂളിലെത്തുമ്പോൾ
അഖിലാണ്ഡമണ്ഡപം ചൊല്ലിക്കഴിഞ്ഞിരിക്കും

താമസിച്ചെത്തിയ അതിഥികളെസ്വീകരിക്കാൻ
ടീച്ചർ വരാന്തായിലേക്ക് വരും
കൈവെള്ളയിലും , തുടയിലും
ചൂരലുകൊണ്ട് ഹാജർ.
തലേന്ന് മായാതെ കിടന്ന അക്കങ്ങളെയും
അക്ഷരങ്ങളെയും
ബോർഡിൽ നിന്നും
തൂത്തു തുടച്ചു
ഗണിതതിന്റെ സൂത്ര വാക്യങ്ങളുമായി ടീച്ചർ
നിറഞ്ഞാടുമ്പോൾ
തലപെരുത്തു തുടങ്ങും.
പുറത്തെ മഴയിൽനിന്നപ്പോൾ തണുപ്പിൽ പൊതിഞ്ഞ
കൊതിയൂറുന്നയൊരു ഗന്ധം
ക്ലാസ്സിനുള്ളിലേക്ക് കടന്ന് വരും
മൂക്കതേറ്റ് പിടിക്കും
ഉടലിനെ ബെഞ്ചിലിരുത്തി
ക്ലാസ്സ് വിട്ട് മനസ്സപ്പോൾ
പിന്നിലെ പാചക പുരയ്ക്ക്
മുൻപിൽ പോയി നിൽക്കും.

സാമൂഹ്യ പാഠവും, സാമാന്യശാസ്ത്രവും,
പൗരബോധവുമായി
ക്ലാസുകൾ വീണ്ടും നീളും
ഒടുവിൽ കുഞ്ഞുങ്ങളുടെ ക്ഷമക്ക് മീതെ
ഉച്ച മണി മുഴങ്ങും.
ഒരാരവത്തോടെ
ക്ലാസുകളൊരുമിച്ചെഴുന്നേറ്റോടി
വരാന്തയിലിട്ട ഇലകൾക്ക് പിന്നിൽ
ആർത്തിയോടെ നിരന്നിരിക്കും..
അവരുടെ വിശന്നവയറിനും നാവിനുമിടയിൽ
ഇനിയുമെത്താതെ കൊതിയൂറുന്ന അന്നത്തിന്റെപേര്
പുറത്തേക്ക് വരാത്തെ ഒരു ശബ്ദമായി
തൊണ്ടയിൽ
കുരുങ്ങികിടക്കും,
ഉപ്പു...മാ...വ്.....

# ഒറ്റയാക്കപ്പെട്ടവൾ

കവിത



ജാൻസി.ആർ.ഗോപാലൻ

ഒറ്റയാക്കപ്പെട്ട ഒരുവളിലേക്ക്
എത്തിനോക്കിയിട്ടുണ്ടോ
നിശ്ചലമായ ഇരുണ്ട വഴികളിൽ
കൊഴിഞ്ഞ കിനാവിന്റെ
ചില്ലുകൾ ചിതറികിടപ്പുണ്ടാകും
രാത്രികൾക്ക് പകലുകളേക്കാൾ
ദൈർഘ്യമേറും
വറ്റിവരണ്ട തൊണ്ടക്കുഴിയിൽ
കരച്ചിൽ മുറിഞ്ഞ പാടുകൾ
ഉണങ്ങാതെ ഇരിപ്പുണ്ടാകും
ഉപ്പിലിട്ട കണ്ണുകളിൽ
മാഞ്ഞുപോയ ഒരുത്തന്റെ
ചിത്രം ബാക്കികിടപ്പുണ്ടാകും
ഒറ്റയാക്കപ്പെട്ട നീണ്ട രാത്രിയെ
അതിജീവിച്ച ഒരുവൾ
ഒറ്റയാക്കപ്പെട്ടേക്കാവുന്ന
അനേകം ദിനരാത്രങ്ങളെ
അതിജീവിക്കാനുള്ള
കരുത്താർജിച്ചിരിക്കും.



# മുക്തി



നിത്യലക്ഷ്മി



'ഞാൻ നിന്നെ കാത്തിരിക്കുകയായിരുന്നു!
ഓർത്തിരിക്കുകയായിരുന്നു!
അറിയാമോ?
സ്നേഹം കൊണ്ട് പുണർന്നിരിക്കുകയായിരുന്നു.'

അവൻ പിന്നെയും എന്തൊക്കെയോ കുത്തിക്കുറിച്ചു.

സമയം, വല്ലാതെ കിതച്ചു കൊണ്ട് നിലച്ചത് പോലെ...

'കിച്ചൂ....' കാതിന് ചുറ്റും ചിറകടിക്കുന്ന കൊതുകിനെപ്പോലെ അമ്മയുടെ ശബ്ദം!

അമ്മ അവനോട് പറഞ്ഞിരുന്നതാണ് ആശുപത്രിയിലേക്ക് പോകണമെന്ന്... നേരത്തെ വരണമെന്ന്...

അവന് ഓർമയുണ്ടായിരുന്നു.

എങ്കിലും കൂട്ടുകാർ, പോരുന്ന വഴിക്ക് കൈയാട്ടി വിളിച്ച് ഒരു കുപ്പി പൊക്കിക്കാണിച്ചപ്പോൾ അവൻ കരുതി,

'ആശുപത്രിയല്ലേ. അവിടെ തന്നെ കാണുമല്ലോ. പിന്നെയാകട്ടെ.'

കുടിച്ചത് കുറച്ച് കൂടിപ്പോയെന്ന് അവനറിയാമായിരുന്നു.

അമ്മ വിളിച്ച് ചീത്ത പറയുമെന്ന് അറിയാമായിരുന്നത് കൊണ്ടാണ് ഫോൺ ഓഫാക്കി ഇട്ടത്.

ഛർദി തുടങ്ങിയപ്പോൾ ആരോ വീട്ടിൽ കൊണ്ട് ചെന്നാക്കി. അതാരായിരുന്നു.. വിഷ്ണുവോ.. അതോ രമേശോ...

അവന് ഓർമയില്ല.

എങ്കിലും അവരും കണ്ടിരുന്നില്ലേ.. അവന്റെ അമ്മ ചോര ശർദ്ദിച്ച് കിടന്നിരുന്നത്.

മാസം രണ്ട് കഴിഞ്ഞു... ചടങ്ങുകളും ഓരിയിടലും എല്ലാം അവസാനിച്ചു.

ഇപ്പോൾ ഒരു ശൂന്യതയാണ്.

അമ്മയില്ലായ്മ എത്ര വലിയ നഷ്ടമാണെന്ന് അറിഞ്ഞു തുടങ്ങുകയാണ് അവൻ.

കുറച്ചു സമയം അമ്മയ്ക്കായി നീക്കിവച്ചിരുന്നെങ്കിൽ, അമ്മ തന്റെ കൂടെ ഉണ്ടായിരുന്നേനെ എന്ന ചിന്ത അവനെ വേദനിപ്പിച്ചു.

ആ ചിന്തയുടെ ഞെരിപ്പോടിൽ കിടന്ന് അവൻ ഉരുകി.

ഒടിവിലൊരു രാത്രിയിൽ, അവൻ ആ പ്രണയലേഖനം എഴുതിത്തുടങ്ങി.

'പ്രിയേ...,
ഞാൻ നിന്നെ കാത്തിരിക്കുകയായിരുന്നു!
ഓർത്തിരിക്കുകയായിരുന്നു!
അറിയാമോ?
സ്നേഹം കൊണ്ട് പുണർന്നിരിക്കുകയായിരുന്നു.'

എഴുതിയെഴുതി കൈകൾ തളർന്നു..
കണ്ണുകൾ അടഞ്ഞു...
കണ്ണുനീർ പൊടിഞ്ഞു...

പുലരിയിൽ, പത്രമിടാൻ വന്ന ചെറുപ്പക്കാരൻ, ജനലിനപ്പുറത്ത് തൂങ്ങി നിൽക്കുന്ന കാലുകൾ കണ്ട് നിലവിളിച്ചു കൊണ്ട് ഓടി വന്ന്, ആ പ്രണയലേഖനമെടുത്ത് വായിച്ചു.

അതിന്റെ അവസാന വരികളിൽ ജീവിതത്തിന്റെ അവസാന പ്രതീക്ഷയും നിരാശയിൽ അവസാനിച്ചവന്റെ ചോര തളം കെട്ടിക്കിടന്നു....,

'എന്റെ പ്രണയിനീ,
മരണമേ...,
നീയെന്നെ പുൽകൂ....'

# പ്രണയമർമ്മരം

കവിത

കുന്നിറങ്ങി കിതച്ചെത്തും തെന്നലിൻ
ചുണ്ടിലൂറും മകരന്ദ ലേപനം
ചുംബനക്കുളിരോർമ്മയിൽ മുങ്ങിയും
വന്നടുത്തെത്തി വാരിപ്പുണർന്നവൾ.
പെയ്തിറങ്ങും കരിമേഘച്ചാർത്തുകൾ
മിന്നിമായുന്ന മിന്നലിൻ ശോഭയിൽ
തെന്നിമാറുന്ന നീർക്കണ ലാളനം
പൊങ്ങുമാനന്ദത്തേരോട്ട നാളുകൾ.
തിങ്ങി തേന്മാവൊരുക്കുന്ന രശ്മികൾ
മുങ്ങി നീന്തിക്കരയെത്തി ആദരാൽ
കൈകൾ കൂപ്പി തിരുവുടലാകവേ
ചൂഴ്ന്നിറങ്ങി പ്രണയസങ്കല്പമായ്.
തെറ്റി കാലമെന്നാകിലും നാൾക്കുനാൾ
വറ്റി മണ്ണിൽ ജലകണമത്രയും
നെറ്റി നീളെ പൊടിയും സ്വേദാംശമായ്
മുറ്റി നിൽക്കും പ്രണയത്തേൻ തുള്ളികൾ
പൊന്തി വേനലിൽ വെന്തപാടങ്ങളിൽ
ചിന്നി വന്നുയിർ തേടുന്ന തുള്ളികൾ
ഉള്ളിലൂറുമാനന്ദക്കുരുന്നുകൾ
മെല്ലെ കൺതുറന്നെത്തി നോക്കുന്നിതാ.
താളിനുള്ളിലുറങ്ങുന്ന പീലിയിൽ
നാളുനീളും സമാഗമ വേളയിൽ
നീയെനിയ്ക്കായൊളിപ്പിച്ച നീലിമ
നീലവാനൊളി വാരിപ്പുതച്ചുവോ?



ജയപാലൻ കാര്യാട്ട്



# ആൺചിറകുകൾ



ബിന്ദു പത്മകുമാർ



എത്ര പെട്ടെന്നാണ്
നിനക്ക് ചിറകുകൾ മുളച്ചത്!
കാത്തുകാത്തിരുന്നിട്ടും
ഞാൻ മാത്രമതറിഞ്ഞില്ല.
അല്ല,
ഞാനാണ് ഏറ്റവുമൊടുവിലറിഞ്ഞത്.

കൈക്കുമ്പിളിൽ
ഒരു നിലാത്തുടിപ്പുപോലെ
ചേർത്തുപിടിച്ച് ഓമനിച്ചിരുന്നതാണ് .
നിന്റെ മുഖമോർക്കുമ്പോഴൊക്കെയും
മാറിടങ്ങൾ
ഞാൻ പോലുമറിയാതെ
നിറഞ്ഞുതൂവിയതാണ്.

കൈവിരൽത്തുമ്പിൽ നിന്നും
നീ വഴുതിയൂർന്നതും
നിർത്താതെയോടിമറഞ്ഞതും
കുട്ടിക്കുറുമ്പായിമാത്രം ഞാൻ കരുതി.

കൈകളിൽ,
കാൽപ്പാദങ്ങളിൽ,
മുടിയിഴകളിൽ,
ഒടുവിൽ നിന്റെ നെഞ്ചിലും
അഴകുള്ള കുഞ്ഞിച്ചിറകുകൾ
മുളപൊട്ടിയെന്നാരൊക്കെയോ
അടക്കം പറഞ്ഞു.

നോക്കിനോക്കിയിരുന്നിട്ടും
ഞാൻ മാത്രമത് കണ്ടില്ല.

നിനക്ക് പറന്നുയരാനുള്ള മാനമായി
ഞാൻ കൂടെത്തന്നെയുണ്ടായിരുന്നിട്ടും
പുതിയൊരാകാശം തേടി
എപ്പോഴോ പറന്നകന്നു നീ
ദൂരേയ്ക്ക്...

അപ്പോൾ,
നിന്റെ വർണ്ണച്ചിറകിൽ
കാലം തുന്നിച്ചേർത്ത സ്വപ്നങ്ങൾ
എന്റെ ആശ്വാസമായി മന്ത്രിച്ചു ,
എത്രയെത്ര പെൺമനങ്ങൾ
നെയ്തൊരുക്കിയതാണെന്നോ
ഓരോ ആൺചിറകും !

കഥ



# നീലിമ...

ഗ്രീഷ്മ അമൽ

**അ**പ്രതീക്ഷിതമായി പെയ്ത മഴയിൽ ആകെ നനഞ്ഞു നിൽക്കുകയാണ് നീലിമ. നനഞ്ഞൊട്ടിയ സാരീയുമായി നടക്കാൻ തന്നെ അവൾ ഏറെ ബുദ്ധിമുട്ടി.

'ഹോ.. ഇന്ന് മൊത്തം കുരിശണല്ലോ ദൈവമേ.. ഫോണും എടുക്കാൻ മറന്നു. അച്ഛനെ ഒന്നു വിളിച്ചിരുന്നെങ്കിൽ... '

നീലിമ ആകെ ബദ്ധപ്പെട്ട് നടന്നു. ഇടക്ക് വന്ന രണ്ടു മുന്ന് ഓട്ടോക്ക് കൈകിട്ടിയെങ്കിലും ഒന്നും നിർത്തിയില്ല. വീട്ടിലേക്ക് പോകും വഴിയാണ് കൂട്ടുകാരി വൃന്ദയുടെ വീട്. അവിടെ പോയി വീട്ടിലേക്ക് വിളിച്ചു അച്ഛനോട് വരാൻ പറയാം എന്നോർത്ത് അവൾ നടന്നു നീങ്ങി. വൃന്ദ നീലിമയുടെ ഭാവി നാത്തൂൻ ആണ്. അവൾ വീടിന്റെ അടുത്ത് എത്തി നോക്കി. ഗേറ്റ് തുറന്നിട്ടുണ്ട്. അമ്മ ഉണ്ടാവും അവിടെ.

ബെൽ അടിക്കാൻ നോക്കിട്ട് കറന്റ് ഇല്ല.

'അമ്മേ... അമ്മേ.. '

അവൾ ഉറക്കെ വിളിച്ചു. കതകിൽ തട്ടിയപ്പോൾ അതു തുറന്നു കിടക്കുകയാണ്. അവൾ അകത്തേക്ക് കയറി.

'വാതിലും തുറന്നിട്ട് അമ്മ ഇത് അവിടെ പോയി. മുകളിൽ ഉണ്ടാവുമോ..? '

മുകളിലെ നിലയിൽ ഒക്കെ നോക്കിട്ടും ആരെയും കാണാഞ്ഞു താഴേക്ക് ഇറങ്ങാൻ തുടങ്ങുമ്പോൾ ആണ് വേദികിന്റെ മുറിയിൽ നിന്നും എന്തോ വീഴുന്ന സൗണ്ട് കേട്ടത്. അവൾ അങ്ങോട്ട് നടന്നു. മുറിയിൽ ആരെയും കണ്ടില്ല. മുറിയിൽ ഉള്ള വേദികിന്റെ ഫോട്ടോയിൽ നോക്കി അവൾ നിന്നു.

'ഹും... ദുഷ്ടൻ വല്ല വിചാരവും ഉണ്ടോ എന്നെകുറിച്ച് കണ്ണേട്ടാ...? ഒന്നു വിളിക്കുക എങ്കിലും ചെയിതുടെ..? നോക്കുന്നോ..

വലിയ ഒരു സിനിമക്കാരൻ വന്നിരിക്കുന്നു. '

അവന്റെ ഫോട്ടോയിൽ നോക്കി നിന്നു വഴക്ക് പറയുമ്പോൾ ആണ് പെട്ടെന്ന് രണ്ടു കരങ്ങൾ അവളെ പൊതിഞ്ഞതു.. ഏറെ പരിചിതമായ മെഡിമിക്സ് സോപ്പ് ഗന്ധത്തിൽ അവൾ ആ നെഞ്ചിൽ ചാഞ്ഞു.

പെട്ടെന്ന് അവൾ അവനെ വിട്ടുമാറി..

'ആകെ നനഞ്ഞിരിക്കുവാ കണ്ണേട്ടാ ... അപ്പോള വന്നേ...?? എന്തെ എന്നെ വിളിക്കാഞ്ഞേ...? എത്ര മെസ്സേജ് അയച്ചു ഞാൻ... എന്താടോ ഇങ്ങനെ എന്നെ വിഷമിപ്പിക്കാണെ...? '

ഓരോ പരിഭവങ്ങൾ പറഞ്ഞു അവൾ നോക്കുമ്പോൾ തന്നെ നോക്കി നിൽക്കുന്ന വേദികിനെ കണ്ടു അവൾ നിശ്ശബ്ദയായി.

അവന്റെ കണ്ണുകളെ നേരിടാൻ ആവാതെ അവൾ തലതാഴ്ത്തി.

'നീയെന്താടി എന്നെ വിളിച്ചേ ദുഷ്ടൻ എന്നോ...?? അതും ഈ പാവം എന്നെ... '

'ഇനിയും വിളിക്കും... എന്നോട് ഒരു സ്നേഹോം ഇല്ലല്ലോ ഒന്നു വിളിച്ചിട്ട് എത്ര ദിവസമായി എന്നു ഓർമ്മയുണ്ടോ കണ്ണേട്ടന്...'

'അതു പിന്നെ ഞാൻ വർക്കിൽ ആയോണ്ട് അല്ലേ...? '

'അല്ലേൽ ഭയങ്കര വിളിയാ... ഇങ്ങനെ ആണേൽ ഞാൻ വേറെ വല്ല ചെക്കനെ നോക്കും കണ്ടോ..? '

'നീ നോക്കുമോടി... ' അവന്റെ മീശ ഒക്കെ പിരിച്ചു കലിപ്പിച്ചു അവളുടെ അടുത്തേക്ക് നടന്നു. അവൾക്ക് എന്തെങ്കിലും പറയാൻ ആവും മുന്പേ അവനാ അധരങ്ങൾ സ്വന്തമാക്കി. അവന്റെ സ്പർശനത്തിൽ അവൾ ആകെ കോരിത്തരിച്ചു നിന്നു. തങ്ങളിലേക്ക് ചൂട് നിറയുന്നത് അവർ അറിഞ്ഞു. അവളിലേക്ക് അവൻ പെയിതിറങ്ങി..

ആദ്യസംഗമത്തിന്റെ നിർവൃതിയിൽ അവന്റെ നെഞ്ചിൽ കിടന്നു അവൾ ചോദിച്ചു.

'കണ്ണേട്ടാ ..എനിക്കാ .. മ്മ്.. '

'മ്മ്... പാട്ടല്ലേ... "

അവന്റെ സംഗീതം അവൾക്ക് എന്നും ഹരമായിരുന്നു. അവളെ ചേർത്തുപിടിച്ചു നെറുകയിൽ ചുംബിച്ചുകൊണ്ട് അവൻ മൂളി.

മഴകൊണ്ടു മാത്രം മുളയ്ക്കുന്ന വിത്തുകൾ ചിലതുണ്ടു മണ്ണിൻ മനസ്സിൽ

പ്രണയത്തിനാൽ മാത്രം എരിയുന്ന ജീവന്റെതിരികളുണ്ടാത്മാവിനുള്ളിൽ

തന്നെ നോക്കി ചിരിക്കുന്ന അവളോട് എന്തെന്ന് ചോദിച്ചപ്പോ അവൾ പറഞ്ഞു.

'ഞാൻ ആ പൊളിഞ്ഞ ട്രിപ്പിന്റെ കാര്യം ഓർക്കുവായിരുന്നു. '

രണ്ടുപേരും ചിരിച്ചു. അവർ ആ ഓർമയിലേക്ക് പോയി.

തന്നെ കാണാനും മിണ്ടാനും കിട്ടുന്നേ ഇല്ലെന്ന ഇവളുടെ പരാതി തീർക്കാൻ ആണ് ഒരു ഔട്ടിങ് പ്ലാൻ ചെയിതെ. പോവുന്നതിന്റെ തലേന്ന് വിളിച്ചപ്പോൾ അവളോട് ചോദിച്ചു.

'നീലുവെ... നമ്മുടേത് മാത്രമായ ചില നിമിഷങ്ങൾ നമ്മുക്ക് കിട്ടിയാൽ.. ഞാൻ നിന്നോട് എങ്ങനെ പെരുമാറണം എന്നാണ് നിന്റെ ആഗ്രഹം...?? '

'അങ്ങനെ ആഗ്രഹം ഒന്നുമില്ല കണ്ണേട്ടാ.. എനിക്കാ നെഞ്ചിൽ ചാരി കണ്ണേട്ടന്റെ പാട്ട് കേൾക്കണം... പിന്നെ.. ബാക്കിയൊക്കെ ആ സമയവും സന്ദർഭവും പോലെ നടക്കട്ടെ... നമ്മൾ പ്ലാൻ ചെയ്താൽ അതു കുളമാവാതെയുള്ളൂ... '

പക്ഷേ അന്ന് ആ ട്രിപ്പ് നടന്നില്ല. നീലിമയുടെ അമ്മാവന് സുഖമില്ലാതെ വന്നൊണ്ട് അത് പൊളിഞ്ഞു.

'നീലു... ഇതായിരുന്നു നമ്മുക്കായി പ്രകൃതിയൊരുക്കിയിരുന്നത്... '

'മ്മ്.. ആവും കണ്ണേട്ടാ.... '

പെട്ടെന്നുള്ള ഇടിയിൽ അവർ ഒന്നുടെ ഇറുകെപ്പുണർന്നു... വീണ്ടും ഒന്നായി പെയ്തിറങ്ങാനായി... അതിനു സാക്ഷിയായ മാനവും ഒന്നുടെ ആർത്തുപെയിതിറങ്ങി മണ്ണിലേക്ക്.... അവരെപ്പോലെ കൂടുതൽ ആവേശത്തോടെ..... !

കവിത

# പുറപ്പാട്



ഓർമ്മച്ചിരാതിന്റെ മാനസത്തിരിയിലായി
നഷ്ടത്തിനഗ്നിയായിന്നു ലയിക്കുന്നു ,
ജീവിതത്തിനർത്ഥം ദുഃഖത്തിൽ മുങ്ങി
നൃത്തമാടുന്നുവോ കണ്ണിന്നരങ്ങിലായി

സ്തുതിഗീതം ചുറ്റിയുഴലുന്ന ഭൂമിയിൽ
പല നരജന്മമിടറിയൊടുങ്ങുന്ന യാമം
നിനവാർന്ന മോഹം മരിക്കവേ
മിഴിക്കടലിന്റെ തിരയിലമർന്നുമിരുന്നും ,

മഹാശൈലവേഗം കുറിക്കും മനസ്സിന്റെ
അതിരറ്റ ചിറകിലമർന്നു തളർന്നും
കതിരറ്റവാക്കിന്നപ്പുറം പലവേരുകൾ
ജടരാഗ്നിയായെരിഞ്ഞു തുലഞ്ഞും ,

മമജന്മമറിയാതെ നിദ്രയിലമർന്നും
പതുങ്ങുന്ന സ്വപ്നം കെട്ടിപ്പുണർന്നും
കാടും കനവും കണ്ണീരിൽ മുങ്ങവേ
സ്മൃതിയുടലിന്റെ തീരാത്ത നാടകം ,

ആടുന്ന രൂപത്തിനാദ്യത്തിൽ നിന്നും
ആരോ പകുക്കുന്ന നിർബന്ധവേഷം
വാക്കുകൾ തുന്നിമരിക്കുന്ന ചുണ്ടിൽ
തീക്കനൽപോൽ തെളിയുന്നു ഹാസം

അജ്ഞതയാളിയ ചാരത്തിൽ നിന്നും
ജ്ഞാനത്തിൻ പക്ഷിയുണർന്നിടുമ്പോൾ
നാളെ തൊട്ടുണരുന്ന നേരത്തിനപ്പുറം
ഭാവിക്കുഞ്ഞാനെന്തു കരുതുവാനുണ്ടിനി,

ഗതകാലസ്മരണകൾ കതിരൊളി ചിമ്മും
മൃതികൾ തൻ നേരം തെളിച്ചുമൊളിച്ചും
അതുവരെയാണതിനൊക്കെയും മേന്മകൾ
നിമിഷത്തിനപ്പുറം തോന്നലില്ലായ്മകൾ..!



നിബിൻ കള്ളിക്കാട്

# മൗനാനുരാഗം



സതി സതീഷ്



ഓർമ്മകൾ മഴ പോലെ
പെയ്ത് മനസ്സിന്റെ
വക്കുപൊട്ടി
ചോര പൊടിഞ്ഞിടുമ്പോൾ
എഴുതിപോവാറുണ്ട്...
എന്റെ വാക്കുകൾ
മനസ്സിലാവാത്ത
നിനക്ക് നിന്റെ മൗനം
ഞാൻ മനസ്സിലാക്കണം
എന്ന് ശഠിച്ചതോർത്താണ്
അത്ഭുതം..
ഞാനെന്ന തീരത്തെ
ഉപേക്ഷിച്ച് കടലിലേക്ക്
മടങ്ങിയ
ഇന്നും നടുക്കടലിൽ
തീരത്തെ സ്വപ്നം
കണ്ടുറങ്ങുന്ന
തിരയാണ് നീ ..
ഒരായുസ്സിന്റെ
പ്രാണൻ കൊടുത്ത്
പൊലിപ്പിച്ചെടുത്ത സ്നേഹം
മനസ്സിലായില്ലെന്നത് പോട്ടെ
തെറ്റിദ്ധരിച്ചു കടന്നു പോയത്
മരണതുല്യമായ സങ്കടമായി ..
നീ പറയാതെ
ഒതുക്കിയ മൗനത്തിലും
ഞാൻ എഴുതിമായ്ച്ച വരികളിലുമായിരുന്നു
നമ്മുടെ സ്നേഹം കനത്തത്..
എനിക്കപ്പുറം
നിനക്കും എനിക്കും  ജീവിതമുണ്ടെങ്കിലും
പ്രണയമില്ല ..
അത് നിനക്കും
എനിക്കും അറിയാം

# ഗൃഹനാഥൻ



ഷിദിൽ ചെമ്പ്രശ്ശേരി

തുടക്കവും ഒടുക്കവുമില്ലാത്തൊരു
പടു മരത്തിന്റെ തണലിലിരുന്ന്
ഉരുകിത്തീരുന്നൊരുപിടി
മണ്ണുണ്ട് വീട്ടിൽ.
ചുളിവ് വീണ അതിന്റെ നാരുകൾ
വരിതെറ്റാതെയെന്നും
ചുമരിൽ കേറാറുണ്ട്.

മഴയത്തും വഴുതലിലൂടെയയാൾ
വെയിലു വരക്കും.
പലപ്പോഴുമുമ്മ കീറിയ കുടുക്കിൽ
വാറുപൊട്ടിയ അയാളുടെ കാലുകൾ
ചേർത്തു തുന്നാറുണ്ട്.

വിണ്ടു വറ്റിയ കാലുകളിൽ
നട്ടുച്ച വെയിലിലും അയാൾ
വരമ്പ് കെട്ടി പെയുമത്രെ!

ഏകാന്തതയുടെ തണുത്ത വിരിപ്പിൽ
ഏകാഗ്രം തപസ്സിരിക്കുന്ന
വെളുത്ത പുരികങ്ങളുള്ള
ഒരു ഒച്ചിനെ കണ്ടു ,
നരവീണ വീടിനെയത്രമേൽ
മുറുകെ പിടിച്ചിരിക്കുന്ന
ചുളിവുകളിലതിനെ
പേരക്കിടാങ്ങൾ ഉപ്പു വിതറി
അലിയിച്ചു കളയുന്നു...

തന്റെ പിടി വിട്ടാൽ വീട്
വീണ് പോവുമോയെന്ന ഭയം
നിർവികാരത്തോടെയൊരു
കറയായ് ചുമരിൽ
പുഞ്ചിരി നടിക്കുന്നു.



# ഏകാന്തതയുടെ തടവറയിൽ ഒരു നുറുങ്ങ് വെട്ടം



രേഷ്മ ബി ഉദയൻ



ഡൽഹിയിലേക്കുള്ള ട്രെയിൻ യാത്രയിൽ വെച്ചാണ് ഞാൻ സ്വാതിയെ വീണ്ടും കാണാൻ ഇടയായത്. അത് വെറുമൊരു യാത്ര ആയിരുന്നില്ല... സിവിൽ സർവീസ് എന്ന എന്റെ ജീവിതലക്ഷ്യം യാഥാർത്ഥ്യമാകാൻ പോകുന്ന നിമിഷങ്ങളായിരുന്നു അത്. അതിനിടയിൽ അവളെ വീണ്ടും കണ്ടുമുട്ടിയപ്പോൾ എനിക്ക് ഒരുപാട് സന്തോഷം തോന്നി. അവൾ തന്റെ കുടുംബത്തോടൊപ്പം ഉല്ലാസ യാത്രയ്ക്ക് പോകുകയായിരുന്നു. കുറച്ച് നേരം കൊണ്ട് ഞങ്ങൾ ഒരുപാട് സംസാരിച്ചു. സംസാരിച്ചിരിക്കെ പെട്ടെന്ന് തന്നെ അവൾക്ക് ഇറങ്ങാനുള്ള സ്ഥലമെത്തി. എനിക്ക് നന്മകൾ നേർന്നു കൊണ്ട് അവളും കുടുംബവും അവിടെ ഇറങ്ങി. വീണ്ടും ഞാൻ ഒറ്റക്കായി . അവളെ കൈ കാണിച്ച് യാത്ര മുന്നോട്ട് തുടർന്നെങ്കിലും എന്റെ മനസ് അത്രവേഗം തന്നെ പിന്നോട്ട് സഞ്ചരിച്ചു. എന്റെ അതേ ജീവിത അനുഭവങ്ങളിലൂടെ കടന്നുപോയവളാണ് സ്വാതിയും . സ്കൂളിൽ പഠിക്കുന്ന കാലം തൊട്ടേ ഞങ്ങൾ പല കാര്യങ്ങളും പരസ്പരം പങ്കുവെക്കുമായിരുന്നു. വിവാഹം കഴിഞ്ഞതിനുശേഷം അത് വല്ലപ്പോഴും ഉള്ള ഒരു ഫോൺ കോൾ അതുമല്ലെങ്കിൽ ഒരു മെസ്സേജ്. പക്ഷെ അതിന്റെ പരിഭവം രണ്ടു പേർക്കും ഇല്ലായിരുന്നു. കാരണം ഞങ്ങൾക്ക് ഞങ്ങളെ അറിയാമായിരുന്നു.

അവസാനമായി അവൾ എന്നെ വിളിച്ചപോൾ നേരിൽ കാണണമെന്ന് ആവശ്യപ്പെട്ടു. അന്നത്തെ ഫോൺ വിളിയിൽ അവളുടെ ശബ്ദം വല്ലാതെ ഇടറുന്നുണ്ടായിരുന്നു . അത് കേട്ടപ്പോൾ തന്നെ എനിക്ക് വല്ലാത്ത പന്തികേട് തോന്നി.

ഒരു കടൽ തീരത്ത് വെച്ച് ഞങ്ങൾ വർഷങ്ങൾക്കിപ്പുറം വീണ്ടും നേരിൽ കണ്ടുമുട്ടി.

സായാഹ്നസൂര്യൻപോലെ അവളുടെ മുഖമാകെ ചുവന്നിരുന്നു. എന്നെ കണ്ടതും അവൾ ഓടിവന്ന് കെട്ടിപിടിച്ചു. ഒന്ന് കരഞ്ഞില്ലെങ്കിലും ആ തിരമാലയുടെ ഒച്ചത്തെക്കാൾ അവളുടെ ഹൃദയസ്പന്ദനം എനിക്ക് കേൾക്കാമായിരുന്നു. ഞാൻ അവളെ ക്ഷമയോടെ കാതോർത്തു ...ഒരു വാക്ക് പോലും ഉരിയാടാതെ.

സ്വാതി, അവളുടെ മനസ്സിൽ ഉള്ളത് എല്ലാം പറഞ്ഞ് കഴിഞ്ഞ് എന്റെ കണ്ണിലേക്ക് നോക്കി ചോദിച്ചു.

'എന്താടാ എന്നെ ആശ്വസിപ്പിക്കാൻ വ

ന്ന നിന്നെയും ഞാൻ കരയിച്ചോ ... നിന്നോട് സംസാരിച്ച് കഴിഞ്ഞപ്പോൾ തന്നെ എനിക്ക് ആശ്വാസമായി. ഇനി ഇയാളെ ഞാ ൻ ആശ്വസിപ്പിക്കേണ്ടിവരുമോ'

'ഏയ്,ഇല്ല.... ഇപ്പൊ നിനക്ക് സമാധാനമയോ ....അത് മതി എനിക്ക്'

'എന്നാൽ ഒരു ചായ കുടിച്ച് നമുക്ക് പോയാലോ... കുട്ടികൾ ട്യൂഷൻ കഴിഞ്ഞ് വരാൻ നേരമായി'.

'ശരി പോകാം നമുക്ക്'.

ജീവിതത്തിന്റെ പരക്കം പാച്ചിലിൽ നിന്ന് ഒരു തരി ആശ്വാസം നേടാൻ വന്നതായിരുന്നു അവൾ. സ്വാതിയെ സമാധാനിപ്പിച്ച് ഞാൻ വീട്ടിൽ എത്തിയത് മുതൽ എന്തോ എന്റെ മനസ്സിൽ അലയടിക്കുന്നുണ്ടായിരുന്നു. ആ കണ്ടുമുട്ടൽ എന്നെ എന്റെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കാൻ പ്രേരിപ്പിച്ചു. ശരിക്കും അവൾ തന്നെ അല്ലേ ഞാൻ...അതിനു ഒരു പടി മുകളിൽ എന്ന് പറയാം.

ഞാൻ - സന്തോഷത്തിന്റെയും സമാധാനത്തിന്റെയും കളി ചിരിയിലൂടെ സഞ്ചരിച്ചവൾ....ഇന്ന് അവൾക് അവളെ തന്നെ നഷ്ടമായിരിക്കുന്നു. വിദൂരമല്ല ഒന്നും ...അവന്റെ നെഞ്ചിൽ ഒന്ന് തല ചായിക്കുമ്പോൾ ഈ ലോകം കീഴടക്കി എന്ന് തോന്നിയത് വെറും ഒരു തോന്നൽ മാത്രമായിരിക്കുന്നു.

എന്തോ..എവിടെയോ നഷ്ടമായത് പോലെ... കോർത്തിണക്കിയ മുത്ത് മാല പൊട്ടി ചിതറിയപോലെ.. എന്നിട്ടും മറ്റുള്ളവർക്ക് വേണ്ടി ഒരു പുഞ്ചിരി അവൾ ഇപ്പോഴും സമ്മാനിക്കുന്നുണ്ട്. പൊയ്യ് മുഖങ്ങൾക്കിടയിൽ ജീവിക്കുന്ന അവളും എപ്പോഴോ ഒരു മുഖം മൂടി ചാർത്തിയിട്ടു ണ്ട്... ആരും തിരിച്ചറിയാത്ത വിധം അല്ലെങ്കിൽ അഴിഞ്ഞുപോകാത്ത വിധം ആ മുഖം മൂടി അത് അവളുടെ ജീവിതത്തിന്റെ ഭാഗമാ യി കഴിഞ്ഞിരിക്കുന്നു. ഒരു പൂമ്പാറ്റയെ പോലെ പാറി പറന്നവൾ ഇന്ന് ഒരു ചങ്ങലയാലെ വലിഞ്ഞ് മുറുകിയ അവസ്ഥയിൽ ബന്ധിതയായിരിക്കുന്നു. അതിൽ അവളുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും അകപ്പെട്ട് പോയിരിക്കുന്നു . ജീവിതത്തിന് അവൾ നൽകിയ വർണങ്ങളൊക്കെയും മാഞ്ഞു തുടങ്ങിയി രിക്കുന്നു.

ഏകാന്തതയിൽ കഴിയുന്ന അവൾക്ക് ജീവിതം എന്നത് ചിത്രങ്ങളോ വർണങ്ങളോ ഇല്ലാത്ത ഒരു ശൂന്യമായ ക്യാൻവാസ് പോലെയാണ്. എന്നിരുന്നാലും മുമ്പത്തേക്കാൾ അതൊന്ന് മനോഹരമാക്കാനുള്ള അവളുടെ ശ്രമം അവസാനിച്ചില്ല... തുടർന്നു കൊണ്ടേയിരുന്നു .... ഒരു പൂർണ്ണതയിൽ എത്തും വരെ. അവളുടെ പ്രാർത്ഥനാഫലമോ എന്നറിയില്ല, ജീവിക്കാനുള്ള പ്രതീക്ഷ അവസാനിച്ചിടത്ത് നിന്ന്... ഏകാന്തതയുടെ തടവറയിൽ നിന്ന് അവളെ മോചിപ്പിക്കാനായി അവളുടെ ആഗ്രഹങ്ങളെ കൈ പിടിച്ചുയർത്താനായി ഇരുണ്ട ജീവിതത്തിൽ വെളിച്ചം നിറയ്ക്കാനായി ഒരു മിന്നാമിനുങ്ങിനെ പോലെ അവളെത്തി...

സ്വാതി...

പിന്നെ ഞാൻ ഓർത്തു അത് വെറുമൊരു കണ്ടുകൂടൽ മാത്രമായിരുന്നോ? അതോ ഏകാന്തതയിൽ നിന്ന് കൈ പിടിച്ചുയർത്താൻ വന്ന ദേവതയോ?

റയിൽവേ അനൗൺസ്മന്റ് കേട്ട് ഞാൻ ഞെട്ടി ഉണർന്നു.

ജീവിതത്തിലെ ആ തിരിച്ചു പോക്കിനിടയിൽ ഞാൻ എപ്പോഴോ ഒന്ന് മയങ്ങി പോയി. എന്റെ ജീവിതത്തിലെ പഴയ ഓർമകളിലേക്ക് ഇനി ഒരു തിരിച്ചുപോക്കില്ല. ഈ ട്രെയിൻ യാത്രപോലെ... ഒരേ ദിശയിലേക്ക് മുന്നോട്ട് മാത്രം നോക്കി.... എന്റെ ലക്ഷ്യം എത്തും വരെ ... അങ്ങനെ തുടർച്ചയായി ഓരോരോ ലക്ഷ്യങ്ങളായി നേടിയെടുക്കും വരെ ഞാൻ എന്റെ യാത്ര തുടർന്ന് കൊണ്ടേയിരിക്കും.

●

# സ്വാതന്ത്ര്യത്തിന്റെ കഥ, ഒരു പുസ്തകത്തിന്റെയും.





കെ. സന്തോഷ്

**1984ൽ** ഡൽഹിയിൽ സംഘടിപ്പിച്ച അദ്ധ്യാപകരുടെ ദേശീയ സമ്മേളനത്തിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പങ്കെടുക്കുകയുണ്ടായി.അന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി സംസാരിക്കവെ നമ്മുടെ പുതുതലമുറ ഇന്ത്യയുടെ ചരിത്രത്തെയും, സ്വാതന്ത്ര്യസമരത്തെയും മറ്റും വേണ്ടവിധം പഠിക്കാൻ തയ്യാറാകുന്നില്ലെന്നും,മാത്രമല്ല അത്തരം പുസ്തകങ്ങളുടെ ലഭ്യതക്കുറവിനെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി.അങ്ങനെയാണ്

സാഹിത്യകാരനും പുസ്തക പ്രസാധകനുമായ ശ്രീ.ഡീ സി കിഴക്കേ മുറി ( ഡൊമനിക് ചാക്കോ) അത്തരമൊരു പുസ്തകം മലയാളത്തിൽ വരുന്നതിന്റെ സാധ്യത അന്വേഷിക്കുന്നത്.

ആ അന്വേഷണം ചെന്നെത്തിയതാകട്ടെ അദ്ധ്യാപകനും പത്രപ്രവർത്തകനുമായ പി.എ.വാരിയരിലും,കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവായ ഡോ.കെ.വേലായുധൻ നായരിലുമായിരുന്നു.

സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് അതിനോടകം തന്നെ ചില പുസ്തകങ്ങൾ മലയാളത്തിൽ വന്നിട്ടുണ്ടെങ്കിലും തങ്ങളുടെ പുതിയ സംരംഭം അത്തരത്തിലൊന്നാകരുതെന്ന് മൂവർക്കും നിർബന്ധമുണ്ടായിരുന്നു.




താമസം വിനാ പുസ്തകത്തിന്റെ പണികൾ ആരംഭിച്ചു.

ഏതാണ്ട് 200 വർഷം നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണം, അതിനിടയിൽ ചെറുതും

വലുതുമായ എത്രയോ സമരങ്ങൾ, കലാപങ്ങൾ പ്രസ്ഥാനങ്ങൾ മുന്നേറ്റങ്ങൾ വ്യക്തികൾ സംഭവങ്ങൾ...

വിവര ശേഖരണം ഇന്നത്തെപ്പോലെ എളുപ്പമല്ലെന്ന് ഓർക്കുക. ശ്രമം കഠിനം തന്നെ.

എന്നാൽ നിശ്ചയദാർഢ്യമുണ്ടെങ്കിൽ ഏത് കാര്യവും അസംഭവ്യമല്ലെന്ന് ഒടുവിൽ അവർ തെളിയിക്കുക തന്നെ ചെയ്തു. പുസ്തകത്തിന്റെ ആദ്യ വാല്യം 1985ൽ പുറത്തിറങ്ങി. പിന്നെ ബാക്കിയുള്ളതും. ഒന്നും രണ്ടുമല്ല 12 വാല്യങ്ങളിൽ, ഭാരതത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രം!

മറ്റൊരു ഇന്ത്യൻ ഭാഷയ്ക്കും അവകാശപ്പെടാൻ കഴിയാത്ത മഹാ സംഭവം! കുട്ടികൾക്ക് മനസ്സിലാകുന്ന വിധം അങ്ങേയറ്റം ലളിതമായ ശൈലി,അതേ സമയം അക്കാദമിക് പരമായി ഉയർന്ന നിലവാരത്തിലും.പ്രാചീനകാല ചരിത്രം മുതൽ വിദേശാധിപത്യത്തിൽ നിന്നും സ്വാതന്ത്ര്യം നേടി ഒരു സ്വതന്ത്ര പരമാധികാര റിപ്പബ്ലിക് ആയിത്തീരുന്നതുവരെയുള്ള ഭാരതത്തിന്റെ ചരിത്രം.പുസ്തകം അത് അർഹിച്ച രീതിയിൽ തന്നെ വായനാ ലോകം സ്വീകരിച്ചു.പിന്നീട് ചില പരിഷ്ക്കരിച്ച പതിപ്പുകൾ വന്നെങ്കിലും വലിയൊരു കാലം വിപണിയിൽ ഗ്രന്ഥം ലഭ്യമല്ലാതിരുന്നു.ഒടുവിൽ ആയിരത്തി ഇരുനൂറിലധികം പുറങ്ങളിൽ രണ്ട് ബ്രഹദ് വാല്യങ്ങളിൽ പുസ്തകം ഇപ്പോൾ പുറത്തിറങ്ങി.ഏറ്റവും അനുയോജ്യമായ കാലത്ത് തന്നെ.

സ്വാതന്ത്ര്യത്തിന്റെ പോരാട്ട ചരിത്രം തലമുറകൾ പഠിക്കാത്തതിന്റെ ദോഷഫലങ്ങൾ, കുറച്ച് വർഷങ്ങളായി രാജ്യം അനുഭവിക്കുന്നു.രാജവംശങ്ങളെ തിരികെ കൊണ്ടുവരാനും,ദിവാൻ ഭരണകാലം സുവർണ്ണ യുഗമാണെന്ന് ഓർത്ത് അയവിറക്കാനും

അവർ മടിക്കുന്നില്ല.വെള്ളക്കാർ അവരുടെ ചരക്ക് നീക്കം സുഗമമാക്കുന്ന തിന് കൊണ്ടുവന്ന റോഡും പാലങ്ങളും റെയിൽവേയും,കമ്പനി ക്ലാർക്കുമാരെയും മറ്റും സൃഷ്ടിക്കാൻ തുടങ്ങിവെച്ച ചെറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും ബ്രിട്ടീഷുകാർ ഈ നാടിനോട് ചെയ്ത സകല കൊള്ളരുതായ്മയ്ക്കുള്ള പരിഹാരമായി ചിലർ എണ്ണുന്നു.

മറ്റൊരു കൂട്ടരാകട്ടെ ചരിത്രത്തെ മാറ്റി എഴുതാനുള്ള പെടാപ്പാടിലാണ്.എത്രതന്നെ മായ്ക്കാൻ ശ്രമിച്ചാലും അത് കൂടുൽ തെളിഞ്ഞുവരുന്നു എന്നതാണ് മറ്റൊരു യാഥാർഥ്യം.

സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും രാജ്യത്തിന്റെ തന്നെ അഭിമാനമായ ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള മഹത് വ്യക്തിത്വങ്ങളെ നിരന്തരമായി ആക്ഷേപിക്കുവാനാണ് ചിലർക്ക് താൽപര്യം പുതിയതൊന്നും പടുത്തുയർത്താൻ കഴിയില്ലെന്ന് ബോധ്യമുള്ളതു കൊണ്ട് തന്നെ പഴതൊക്കെയും തകർക്കാനുള്ള വിഫല ശ്രമങ്ങൾ...

വിചിത്രമായ നടപടികളിലൂടെ ചരിത്രത്തിന്റെ ഭാഗമാകാൻ ആഗ്രഹിച്ച് അവർ എന്തൊക്കയോ കാട്ടിക്കൂട്ടുന്നു.

ജനങ്ങൾ പതിയെയാണെങ്കിലും ജനാധിപത്യം അപകടത്തിലാണെന്നും, ഇന്ത്യയെന്ന ഈ മഹത്തായ രാജ്യം നിലനിൽക്കേണ്ടത് നാട്ടിലെ ഓരോ പൗരന്റെയും കടമയാണെന്ന് തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു.സമ്മതിദാനാവകാശം വിവേകപൂർവ്വം ഉപയോഗിക്കുന്നു.

വെറുപ്പും അപരവത്ക്കരണവുമല്ല, പരസ്പര വിശ്വാസവും സ്നേഹവുമാണ് ഈ നാട്ടിൽ എക്കാലവും വേരോടുന്നതെന്ന് ലോകത്തോട് ഉറക്കെ വിളിച്ചുപറയുന്നു.

അത്തരം ശബ്ദങ്ങൾക്ക് കരുത്തേകാൻ 'സ്വാതന്ത്ര്യസമരത്തിന്റെ കഥ' പോലുള്ള പുസ്തകങ്ങൾ ധാരാളമായി ഉണ്ടാകേണ്ടതുണ്ട്.ലാഭ നഷ്ടത്തിന്റെ കണക്കുകൾ നോക്കാതെ,ഇത്തരം വലിയ സംരംഭങ്ങൾക്ക് മുന്നിട്ടിറങ്ങിയ ധിഷണാശാലികളെ വരും കാലം വിസ്മരിക്കുകയില്ല, തീർച്ച

# സ്ഥൂല പ്രപഞ്ചത്തിലേയ്ക്കുള്ള വാതായനങ്ങൾ



ജയപ്രകാശ് എറവ്

**‘ കവിത ബിംബങ്ങളുടെ ഭാഷയാണ്’.**
(എം.എം.നാരായണൻ)

**തീ**വ്രജീവിതാനുഭവങ്ങളുടെ നെരിപ്പോടിൽ നിന്നുയരുന്ന സ്ഫുലിംഗങ്ങൾ തീർക്കുന്ന അഗ്നിജ്വാലകൾ അക്ഷരങ്ങളിലേയ്ക്ക് ആവാഹിച്ചാണ് പല കവിതകളും പിറവിയെടുക്കുന്നത്. എരിഞ്ഞടങ്ങുന്ന ചിതകളിൽ നിന്ന് ഉയിരുന്ന ജീവിതഗന്ധങ്ങളും കവിയുടെ അനുഭവങ്ങളായി തീരുന്നുണ്ട്.




പ്രതിസന്ധികളെ മറികടക്കുവാനാവശ്യമായ ശേഷി കൈവരിയ്ക്കുമ്പോഴാണ് എഴുത്തുകാർ കലാതിവർത്തിയായി നിലകൊള്ളുന്നത്. സർഗസൃഷ്ടികളിൽ ഈ ചിന്താധാര വച്ച് പുലർത്തി രചനകളിൽ സന്നിവേശിപ്പിയ്ക്കുമ്പോൾ എഴുത്തുകാരൻ ചരിത്രത്തോട് നീതി പുലർത്തുന്നവനായി മാറുന്നു.

യാഥാർഥ്യങ്ങളോട് ചേർന്ന് നില്ക്കുന്ന വ്യത്യസ്തങ്ങളായ വിഷയങ്ങളെ കവിതയിൽ ആവിഷ്ക്കരിയ്ക്കുമ്പോൾ തനിമയാർന്ന, സ്വത്വബോധമുള്ള ആശയങ്ങളെ ഉൾചേർത്തു നിർത്തുവാൻ സാധിയ്ക്കണം. അതായിരിയ്ക്കണം സർഗസൃഷ്ടികളുടെ മുഖമുദ്രയും, എഴുത്തുകാരന്റെ തുറന്നു പറച്ചിലും.

ആത്മനിഷ്ഠാപരമായ പ്രഖ്യാപനങ്ങൾക്കപ്പുറം വസ്തുനിഷ്ഠതയിലൂന്നി കൊണ്ടുള്ള യാഥാർഥ്യങ്ങളെ സ്വാംശീകരിച്ച് പ്രതീക്ഷാനിർഭരമായ സരണികളിലൂടെയുള്ള സഞ്ചാരങ്ങളാണ് രചനാവൈഭവത്തിന്റെ മികവായി മാറുന്നത്.

താൻ ജീവിയ്ക്കുന്ന ജൈവ പരിസരത്തോട് താദാത്മ്യം പ്രാപിച്ച്, നീതി പുലർത്തി ജീവൽ പ്രപഞ്ചത്തിലെ ഓരോ അണുവിനോടും സത്യസന്ധത പ്രകടിപ്പിയ്ക്കുന്നതാവണം രചനയുടെ പ്രഭവകേന്ദ്രം.സൂര്യശോഭയോടെ തിളങ്ങുന്ന രചനകൾ ഉയിർകൊള്ളുന്ന ഹരിത പരിസരം ഉത്ഭുതമാകുന്നതങ്ങിനെയാണ്.

പല രൂപ പരിണാമങ്ങളിലൂടെ സഞ്ചരിച്ച് ഒഴുക്കിനെതിരേ നീന്തി പ്രതി

രോധങ്ങളുടെ പാഠങ്ങൾ തീർക്കുമ്പോൾ കവിത കാലവും, ചരിത്രവുമായി നാഭീനാള ബന്ധങ്ങൾ ചമയ്ക്കുന്നു. കാല്പനിക കവിതയിൽ നിന്ന് ഉത്തരാധുനിക കവിതയിലേക്കുള്ള സ്വാതന്ത്ര്യ പ്രഖ്യാപനങ്ങൾ പ്രതിരോധങ്ങളുടെ അക്ഷൗഹിണികൾ തീർത്തതും ചരിത്രമായി നിലകൊള്ളുന്നുണ്ടല്ലോ. പരമ്പരാഗതവരേണ്യ കലാസാംസ്ക്കാരിക രൂപങ്ങളെ അവയുടെ ജന്മ പരിസരത്ത് നിന്ന് ജനകീയതയുടെ തുറസ്സിലേക്ക് മാറ്റി പാർപ്പിച്ചപ്പോൾ, ഭ്രഷ്ട് കല്പിച്ച് മാറ്റി നിർത്തപ്പെട്ട ഒരു ജനതയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിലൂടെ ജനകീയതയുടെ മുഖമുദ്രയായി മാറിയതും ചരിത്ര സത്യം.

തനിമ സുഭാഷിന്റെ പ്രഥമ കവിതാ സമാഹാരമാണ് ' ഏതു ഋതുവിനും വസന്തമാവാൻ കഴിയും ' . വളരെ സങ്കോചവും അതിലുപരി സ്വയം അർപ്പിതവുമായ ആത്മബോധത്തിലേക്കുള്ള യാത്രയാണ് തനിക്ക് കവിതയെന്ന് കവി പ്രഖ്യാപിയ്ക്കുന്നുണ്ട്.

സൗഹൃദത്തിന്റെ , സ്നേഹത്തിന്റെ , പ്രണയത്തിന്റെ , ജീവിതാസക്തിയുടെ , തെളിമയുടെ പച്ചത്തുരുത്തിൽ നിന്നാണ് തനിമ തന്റെ നിലപാടുകൾ ഉച്ചൈസ്ഥരം ഉദ്ഘോഷിയ്ക്കുന്നത് .

കവികൾക്ക് രചനകളിൽ പ്രണയം മാറ്റി നിർത്താൻ കഴിയാത്ത വിഷയമാണ്. ഒന്നിൽ നിന്ന് മറ്റൊന്നിലേയ്ക്ക് അത് അനവരതം വ്യാപരിച്ച് കൊണ്ടിരിയ്ക്കുന്നു. വിഷാദങ്ങളിൽ നിന്ന് മോചിക്കപ്പെട്ട് , മൗനം ഭേദിച്ച് ചിന്തയുടെ നേരിൽ നിന്ന് കവി കാലത്തോടും ജീവിതത്തോടും സ്വയമേവ കലഹിയ്ക്കുയാണ്. പ്രണയം ഒന്നിലൊടുങ്ങാത്ത ആസക്തിയുടെ തിരയിളക്കമാണ്. പൂക്കളോട് , ശലഭങ്ങളോട് , വർണ്ണത്തുമ്പികളോട് , അങ്ങനെ പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളോടും കൊതി തീരാത്തൊരു പ്രണയം . പ്രണയത്തെ അനുഭവത്തിന്റെ ഭാഷയിലൂടെയുള്ള (ഭാവനയിലൂടെ ) അതീവമായ തലോടലാണ് കവി ഒരോ കവിതയിലും പങ്കുവയ്ക്കുന്നത്. അതൊരു പക്ഷേ അതിജീവനത്തിന്റെ ഗീതമാകാം, മറ്റൊന്നിലേക്കുള്ള നിശബ്ദ സഞ്ചാരമാകാം.

' സഞ്ചാരം' എന്നത് സ്വയം സ്വതന്ത്രമാക്കപ്പെടുന്ന അവസ്ഥയാണ്. ഇവിടെ ജീവിതത്തെ ഭിക്ഷാപാത്രമായി തുറന്ന് വച്ചിരിക്കുമ്പോൾ കവി അനുഭവിച്ച് തീർത്തൊരു കാലത്തെ ശപിയ്ക്കുകയും, എല്ലാം തേയ്മാനം വന്നും ക്ലാവ് പിടിച്ചതുമായ ഒന്നാണെന്നും തിരിച്ചറിയുമ്പോൾ സ്വാതന്ത്ര്യം എന്ന വാക്കിന് അർത്ഥമായി മാറ്റപ്പെടുന്നത് വെറുപ്പിന്റെ ഭാഷയാണ്. ചെറിയൊരു കവിതയിലൂടെ അനുഭവിക്കുന്നതും , തിരസ്കരിക്കുന്നതും ജീവിതമെന്ന ഒറ്റച്ചരടിൽ മാത്രമാണ്.

കാലം മാറുമ്പോൾ ചിലതെല്ലാം സ്വമേധയാ മാറ്റപ്പെടുന്നു. മാറ്റമാണ് എന്തിന്റേയും അടിസ്ഥാനം. വർഷങ്ങൾക്ക് മുമ്പെഴുതിയ ഏതെങ്കിലുമൊരു സാഹിത്യസൃഷ്ടി വർത്തമാന കാലത്തോട് ചേർത്ത് വച്ച് വായിയ്ക്കുമ്പോൾ പരിമിതികളുടെ, തിരുത്തലുകളുടെ മേഖലകൾ തെളിഞ്ഞ് കാണാനാകും. ഇങ്ങനെ സ്വയം മാറ്റപ്പെടുന്ന അവസ്ഥയാണ് ' ജീവിതം നാല്പതിൽ തുടങ്ങുന്നു ' എന്ന കവിത.

നേടിയെടുത്ത സ്നേഹവും, പ്രണയവും അമൂർത്തഭാവമായി തീരുന്നു. കവി സമ്മാനിക്കുന്ന കവിതകളിൽ ഒടുങ്ങാത്ത പ്രണയവും , ഒറ്റപ്പെടലും , പ്രതിഷേധവും ഇടകലർന്ന് വായനയെ സുഖപ്പെടുത്തുന്നു.

' നൂറിൽ നൂറ് എന്ന കവിതയിൽ കവി പറയുന്നത് സ്നേഹം തന്നെ. ഒന്നിലും ഒന്നും സംഭവിക്കാതെ എന്നാൽ എല്ലാം സംഭവിച്ച് നൂറിൽ നൂറ് നേടിയെടുക്കുന്നത് ഒരു മഹാനദിയിലേക്ക് / അവന്റെ ഹൃദയ പുസ്തകത്തിലേക്ക് . നമ്മൾ ഏതിലൊന്നും വിജയിച്ചാലും മറ്റൊന്നുണ്ട്. ജീവിതം പരിപാവനമാകുന്നിടം എല്ലാം പരിശുദ്ധ മാകണം ഇവിടെ വിജയം കൈവരിച്ച കവി ജീവിതത്തെ മറ്റൊരു താങ്ങിലേക്ക് സ്വയം അഭയമായി ഉൾക്കൊളുകയാണ്. നൂറിൽ നൂറ് നേടി അവന്റെ ഹൃദയ പുസ്തകത്തിലേക്ക്.

വലിച്ചെറിഞ്ഞ് താഴിട്ട് പൂട്ടി പോ

വുകയാണ് ഒരു ഉടമ്പടിയിലും ഒപ്പുവയ്ക്കാതെ മടക്കമൊരു യാത്ര .

' മടക്കം ' എന്ന കവിതയിൽ സ്വീകരിക്കുന്നതും തിരസ്ക്കരിക്കുന്നതും ഒരു സ്വതന്ത്ര പ്രഖ്യാപനം തന്നെയാണ്.

' പെണ്ണിന്റെ പലമ പൂക്കുമിടയിൽ
പുനർജനിക്കാമെന്ന പ്രതീക്ഷ
പുലർത്തി' . ഇങ്ങനെ പ്രതീക്ഷാനിർഭരമായ തീർഥയാത്രയാണ് ജീവിതം.

'എന്നിലെ ജലരാശിയുടെ പ്രതിഷേധശോണിമയും
അവന്റെ ഉന്മാദത്തിന് തടസ്സമായില്ല...
ഉടൽത്താളങ്ങളിൽ അഴിഞ്ഞുലഞ്ഞ
എന്നെ
ഒതുക്കിവയ്ക്കാൻ ഞാൻ പാടുപെടുന്നു'

' വിശ്വാസം ' എന്ന കവിതയിൽ കവി ഒതുക്കി തീർക്കുന്നത് തന്നെ തന്നെയാണ്. ആസക്തിയുടെ വേരോട്ടത്തിൽ നിന്ന് തിരിച്ചറിവിന്റെ പാകപ്പെടലിൽ ഉടൽത്താളങ്ങളിൽ അഴിഞ്ഞുലഞ്ഞ എന്നെ..... കവി സങ്കല്പിക്കുന്ന വിശ്വാസം തുറന്ന് പറച്ചിലാകുന്നു.

' തന്മ ' എന്ന കവിതയുടെ തുടക്കം ഇങ്ങനെ .

' ഇലവള്ളികളുടെ മുടിയഴിച്ചിട്ടും
കാറ്റിനോടും പൂമ്പാറ്റയോടും
രഹസ്യ ഉടമ്പടിയുണ്ടാക്കിയും
ഞാൻ ഇവിടെ തന്നെയുണ്ടായിരുന്നു'

ഇലവള്ളികൾക്ക് മനോഹരമായ പേര് നല്കിയത് നോക്കു മുടിയോട് നീണ്ട് ഇടതൂർന്ന മുടി പെണ്ണിന് മറ്റൊരു അഴകാണ്. കാറ്റിനോടും/പൂമ്പാറ്റകളോടും രഹസ്യ ഉടമ്പടിയുണ്ടാകുന്നു. നിങ്ങൾ അറിയാതെ പോകേണ്ടാ ഞാൻ ഇവിടെ തന്നെയുണ്ട്.

വ്യത്യസ്തമായ രണ്ട് കാഴ്ചകളാണ് കവിതരുന്നത്. ' സ്വീകരണ മുറിയിലെ അലങ്കാര നിർമ്മിത രൂപങ്ങളാണ് ഇന്ന് പല ചെടികളും . വെയിലും , മഴയും , മഞ്ഞും ഒന്നും ഇവരിലൂടെ കടന്ന് പോവുന്നില്ല. അടച്ചിട്ട മുറിയിലെ വായു മാത്രം . പുതുകാലത്തിന്റെ മുരടിച്ച യൗവനമാണ് ബോൺസായികൾ .

കുഞ്ഞു കവിതകളിലൂടെ വിശാലമായ ലോകത്തിലേയ്ക്കുള്ള വാതായനങ്ങളാണ് തനിമ തുറക്കുന്നത് .

' എഴുത്ത് ' എന്ന കവിത പ്രതിഷേധവും ഒപ്പം ജീവിതകാമനകളുടെ നെരിപ്പോടുമാണ് പങ്കുവയ്ക്കുന്നത്. എല്ലാ പ്രതിഷേധങ്ങളും കെട്ടടങ്ങുമ്പോൾ മൗനത്തിലൂന്നിയുള്ള പ്രതിഷേധങ്ങളുണ്ട്. അത് ആരേയും ബോധ്യപ്പെടുത്തുവാനല്ല . സ്വയമൊരു പാകപ്പെടലിന്റെ ഉള്ളിലൂർന്ന് ഉയർന്നു പൊങ്ങുന്ന നോവാക്ഷരങ്ങളാണ്.

ഇഷ്ടിക കളങ്ങളിൽ
വിയർത്തു തളരുന്ന പെണ്ണുടലുകൾ'

ഇവിടെ കവി ആശങ്കപ്പെടുന്നത് കെട്ട് പോയൊരു കാലത്ത് പിന്നേയും ജീവിക്കാൻ വിധിക്കപ്പെട്ടതിനാലാണ്. ആവിഷ്ക്കാര സ്വാതന്ത്ര്യം എന്നത് വെറുമൊരു വാക്ക് മാത്രം. ഇന്നും വിയർത്ത് തളർന്ന് അടിയറവ്

പറയുന്ന പെണ്ണുടലുകൾ ഉണ്ട് . പ്രണയത്തിന്റെ ചതിക്കുഴികളിൽപ്പെട്ട് ജീവിതം ഹോമിക്കുന്ന പുതു തലമുറയുണ്ട്. അന്യന്റെ അടുക്കളയിൽ അതിജീവനത്തിന്റെ പൊള്ളലേറ്റ് ഉപകരണമായി തീർന്നവരുണ്ട്.

വെറും വാക്കായി ആവിഷ്കാര സ്വാതന്ത്ര്യം മാറുന്നു.

ഇങ്ങനെ എടുത്ത് പറയുവാൻ കഴിയുന്ന ഒരു കൂട്ടം കവിതകളുടെ നിറവാണ് ഈ സമാഹാരത്തിന്റെ പ്രത്യേകത. കവിതകളെ വിശാലമായൊരു കാൻവാസ്സിൽ വർണസങ്കലിതമായ നിറക്കൂട്ടുകളാൽ ഒരുക്കി സഹൃദയപക്ഷം കവി സമർപ്പിയ്ക്കുന്നു. ആസ്വാദകരുടെ മുഖത്തുളവാക്കുന്ന ഭാവവ്യത്യാസങ്ങളുടെ ആരോഹണാവരോഹണങ്ങളുടെ തിരയടികൾ നിർന്നിമേഷയായി മറ്റൊരു കോണിൽ മാറിനിന്ന് നോക്കി കാണുന്നുണ്ട് ഈ കവി.

# നന്മ മരങ്ങൾ





പോളി എം. പി.

**കാ**ലത്തിന്റെ കുത്തൊഴുക്കിൽ ആ നന്മ മരങ്ങളും കടപുഴകിയോ ? അറിയില്ല.

ഒരിക്കൽ ഞാൻ അവിടെ പോയിരുന്നു. പാടവരമ്പിലൂടെ ആ ഓലപ്പുരയിൽ കയറിച്ചെന്നു . സുഖകരമായ ഓർമ്മകളുടെ നോക്കുകുത്തി പോലെയുള്ള ആ ഓലപ്പുരയിൽ . പുര ഓല മേഞ്ഞതിനു മേൽ പ്ലാസ്റ്റിക് ഷീറ്റ് പുതച്ചിരിക്കുന്നു.

കോലായിലെ ചാരുകസേര തന്നെ അപ്രത്യക്ഷമായിരിക്കുന്നു .അതിൽ ഇരിക്കാറുള്ള ആളോ ? ഞങ്ങൾ സ്നേഹ ത്തോടെ വിളിക്കാറുള്ള ഞങ്ങളുടെ അബുക്ക ?

മുറ്റത്തെ മാവിൽ ചെറിയൊരു ഊഞ്ഞാൽ.

ദാവണിയും തട്ടവുമിട്ട ഒരു പെൺകുട്ടി പുറത്തേക്ക് വന്നു. 'ആരാ ' ?

അവൾ ചോദിച്ചു.

സൈനബയല്ലേ ?

ഞാൻ തിരിച്ചു ചോദിച്ചു. അവളുടെ മുഖത്ത് ആശ്ചര്യം. ജോലി കിട്ടി ഞാൻ ഇവിടെ നിന്ന് പോകുമ്പോൾ അഞ്ചു വയസ്സ് പ്രായമാണിവൾക്ക്. ഉണ്ടക്കണ്ണും വട്ട മുഖവുമുള്ള സൈനബ.

'ഞാൻ അപ്പുറത്തെ മാഷിന്റെ വീട്ടിലെ ........'

'ആരാ മോളെ അത് '? അകത്തുനിന്ന് ഒരു ക്ഷീണിച്ച സ്വരം. ഉമ്മയായിരിക്കും.

' തെക്കേലെ മാഷിന്റെ വീട്ടിലെ ആളാണെന്ന് പറഞ്ഞു.'

' ങ്ങ്ട് കേറി വരാൻ പറ . നിക്ക് എണീക്കാൻ തീരെ വയ്യ.'

ഞാൻ മെല്ലെ അകത്തേക്ക് ചെന്നു ക്ഷീണിച്ച് അവശയായ രൂപം. കവിളൊട്ടി ,കണ്ണ് കുഴിഞ്ഞിരിക്കുന്നു. മുഖത്തേക്ക് പാറിക്കിടക്കുന്ന മുടി.

ഞാൻ ഉമ്മയെ കട്ടിലിൽ ചാരി ഇരുത്തി. ഉമ്മ എന്നെ സൂക്ഷിച്ചു നോക്കി. ഉമ്മയുടെ കൈകളിൽ ഞാൻ സ്നേഹത്തോടെ തടവി. ഈ കൈ കൊണ്ട് ഞങ്ങളെ സ്നേഹത്തോടെ എത്ര ഊട്ടിയിരിക്കുന്നു.

'നീ രണ്ടാമത്തോനല്ലേ ?

ഇപ്പോ എവട്യാ ജോലി '?

' മുക്കത്താണ് ഉമ്മാ , അവിടെ ഒരു സ്കൂളിലാ ' .

ഒരു മൂന്നുവയസ്സുകാരൻ ഉമ്മയുടെ കി

ടക്കയിൽ കയറി ഇരുന്നു.

'സൈനബാന്റെ മോനാ , ശുക്കൂറ്.'

ഞാൻ ബാഗിൽ നിന്ന് രണ്ട് മിഠായി എടുത്ത് അവന്റെ നേരെ നീട്ടി.

' വാങ്ങിച്ചോ മോനേ '

അവൻ കൈ നീട്ടി. ഞാൻ മിഠായി അവന്റെ കൈയിൽ കൊടുത്ത് അവന്റെ മുടിയിഴകളിൽ തലോടി.

'ഇവന്റെ ഉപ്പ ' ?

' ഓൻ സൈനബാനെ തീർത്തു. അവര് വല്യ വീട്ടുകാരാർന്നു നമുക്ക് ചേർന്നതായിരുന്നില്ല. രണ്ടു കൊല്ലായിട്ട് അവൾ ഇവട്യാ . ബീഡി തെറുത്തു കിട്ടുന്നതു കൊണ്ട് പട്ടിണി ഇല്ലാതെ ജീവിക്കുന്നു '.

ഉമ്മ മെല്ലെ നെടുവീർപ്പിട്ടു.

അബുക്ക ?

ഞാൻ ആകാംക്ഷയോടെ ചോദിച്ചു.

' ഉപ്പ മരിച്ചിട്ട് രണ്ട് കൊല്ലായി .ഒരു ദിവസം കടപൂട്ടി ഇറങ്ങുമ്പോ ഒന്നു വീണതാ. ഒരു കൊല്ലം കെടന്ന കെടപ്പായിരുന്നു. '

ഉമ്മയുടെ മുഖം തീർത്തും മ്ലാനമായി.

ഞാൻ പോക്കറ്റിൽ നിന്ന് ആയിരം രൂപയെടുത്ത് ഉമ്മയുടെ കൈയിൽ വെച്ചു കൊടുത്തു

രണ്ട് തുള്ളി കണ്ണീർ കയ്യിലേക്ക് അടർന്നു വീണു.

' ഉമ്മാ .....'

ഞാൻ മെല്ലെ വിളിച്ചു.

മുഖം തുടച്ച് ഉമ്മ ചോദിച്ചു. ' മോൻ എന്നാ ഇനി പോണേ ' ?

' ഇന്ന് തന്നെ പോകണം ഉമ്മ . നാലഞ്ചു മണിക്കൂർ ബസ്സിൽ യാത്ര ചെയ്യണം ' . സൈനബ ഒരു സ്റ്റീൽ ഗ്ലാസിൽ ചായ കൊണ്ടുവന്നു. മധുരം അല്പം കുറവാണ്. പഞ്ചാര തീർന്നിരിക്കുന്നു. 'അത് സാരല്ല്യ ' . ചായ കുടിച്ചു

' ഞാനിറങ്ങട്ടെ ' ?

അവർ തലയാട്ടി.

ബസ്സിൽ ഒരു സീറ്റ് തരപ്പെട്ടു . ബസ്സ് അതിവേഗം മുന്നോട്ടു കുതിച്ചു കൊണ്ടിരുന്നു. ഓർമ്മകൾ പിറകോട്ടും. അബുക്കാന്റെയും ഐസുമ്മാന്റെയും ഓർമ്മകൾ പിന്നെയും മനസ്സിൽ ചേക്കേറി . കുട്ടിക്കാലത്തെ അവധിക്കാലത്തെ ആ മനോഹര ഓർമ്മകൾ .

രാവിലെ ആറുമണിക്ക് ചായക്കട തുറന്നാൽ പത്തര പതിനൊന്നു മണിയാകുമ്പോൾ കടയടച്ച് രണ്ട് പേരും തിരിച്ചുപോരും പിന്നെ ഉച്ചതിരിഞ്ഞ് മൂന്നുമണിയോടെ വീണ്ടും തുറക്കും. കാലത്ത് പുട്ടും, മുതിര പുഴുക്കും, കൊള്ളി ഇസ്റ്റുവും. രാവിലത്തെ പണിക്കാരുടെ കച്ചവടം കഴിയുമ്പോഴേക്കും പത്ത് പതിനൊന്ന് മണിയാകും. രാവിലെ കടയടച്ചു വരുന്നത് ഞങ്ങൾ കാത്തിരിക്കും. പുട്ടും മുതിരയുടേയും, കൊള്ളി ഇസ്റ്റുവിന്റേയും ഒക്കെ എന്താ ഒരു രുചി ! വീട്ടിലെത്തിയാൽ ഉമ്മ ഞങ്ങളെ രണ്ടു പേരേയും വിളിക്കും. കോലായിൽ ചെന്നിരുന്ന് അതങ്ങ് പാസാക്കും .പിന്നെ കളികൾ എല്ലാം അവിടെ തന്നെ. മുറ്റത്തെ നാട്ടുമാവിലെ ഊഞ്ഞാലിൽ ആടി തിമിർക്കും .ഒപ്പം വീണു കിട്ടുന്ന പഴുത്ത മാങ്ങയും. ഉച്ചയ്ക്ക് ഊണ് കഴിക്കാൻ അമ്മയുടെ വിളി കേൾക്കുമ്പോഴാണ് തിരിച്ചു വീട്ടിൽ പോകാറ്. വേനലവധി മിക്കവാറും ആ മുറ്റത്ത് തന്നെ. ഞാനും ചേട്ടനും ജനിച്ചതിനു കുറച്ചു വർഷങ്ങൾക്കുശേഷമാണ് അവർക്ക് സൈനബ പിറന്നത് എങ്കിലും ഞങ്ങളോടുള്ള സ്നേഹത്തിന് ഒരു കുറവും വന്നില്ല.

' മാഷേ ഇറങ്ങുന്നില്ലേ ' ? സ്ഥലം എത്തി. കണ്ടക്ടർ ചോദിച്ചപ്പോഴാണ് സ്ഥലകാലം ബോധം വന്നത്. വീട്ടിലെത്തിയപ്പോൾ ഇരുട്ടായി . മകൻ പിണങ്ങി ഇരിപ്പാണ്. ഭാര്യ വന്നു പരിഭവം പറഞ്ഞു 'മോൻ ഇന്ന് അയൽപക്കത്ത് കളിക്കാൻ പോയിരിക്കുന്നു . ഇപ്പോഴാ വന്നു കയറിയത് '.ഉള്ളിൽ ചിരി പൊട്ടി .തന്റെ ബാല്യകാലവും ഈ പുതിയ തലമുറയുടെ ബാല്യകാലവും തമ്മിലുള്ള അന്തരം .




**കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ**

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച





**Advaithv V R**

4th std

St aloysius LP school  Elthuruth.







**Shahana. R**

9C

GGHSS Alathur





**Muhammad shefin.S**
Class 6
Model central school, alathur



ABDHUL RAHEEM . N
6.B
ASSMMS. SCHOOL- ALATHUR



**ആരാധ്യ വർമ്മ സി.കെ**
5 B
ANMMUPS തളി



**ദേവാനന്ദ്. എം. ഡി**
6 A, Anmmups തളി.



*ദ്വിവിക് വർമ്മ സി.കെ*
*1 A*
*ANMMUPS തളി*



**Ridha Fathima. N**
3.A
G. M. L. P. School
Alathur





**Hadiya. J,** 2 Std
GMLP SCHOOL ALATHUR

# അങ്ങനെ ഒരു മഴക്കാലത്ത്

രണ്ടു മൂന്ന് ദിവസമായി നിർത്താതെ പെയ്യുന്ന മഴയിൽ തോടും പാടവും ഒന്നായി.

ഞാൻ അമ്മയുടെയും മുത്തശ്ശിയുടെയും കൂടെ താഴോട്ടിറങ്ങി. ദിവൂ ട്ടാ ഓടല്ലേ വീഴും, അവൻ വേഗം എന്റെ കൈ പിടിച്ചു.

ഞങ്ങൾ 3 പേരും വെള്ളത്തിൽ കാൽ നനച്ചിരുന്നു.

കുറെശ്ശെ മഴ തുടങ്ങി. മക്കളെ മഴ തുടങ്ങി, കാറ്റും മഴയും ഉള്ളപ്പൊ അവിടിരിക്കല്ലേ,

ദാ വരുന്നു മുത്തശ്ശി എന്ന് പറഞ്ഞ് തിരിഞ്ഞതും ഒരു ഓല പൊട്ടി വൈദ്യുതി ലൈൻ ലേക്ക് വീണ്, 2 ഉം കൂടി ഞങ്ങൾ ഇരുന്ന ഭാഗത്തെ വെള്ളത്തിലേക്ക് വീണത് പെട്ടെന്നാണ്. ഈശ്വരാ ഒരു നിമിഷം വൈകിയിരുന്നെങ്കിൽ ഷോക്കേറ്റേനേ.

ഇതാ പറഞ്ഞേ കാറ്റും മഴയും ഉള്ളപ്പൊ തുറസ്സായ സ്ഥലത്ത് നിൽക്കരുതെന്ന് മനസ്സിലായോ?

മനസ്സിലായി മുത്തശ്ശി
ഞങ്ങൾ വീട്ടിലേക്ക് നടന്നു

ആരാധ്യ വർമ്മ.C.K
5 B
ANMMUPS തളി

# അമ്മ പറഞ്ഞത് കേട്ടെങ്കിൽ

ഞങ്ങളുടെ വീടിന്റെ പുറകുവശത്തെ പ്ലാവിൽ കുറെ വള്ളികൾ തൂങ്ങി കിടക്കുന്നുണ്ട്.

ഒരു ദിവസം ഞാനും ചേച്ചിയും അതിൽ തൂങ്ങി ഊഞ്ഞാലാടാൻ തുടങ്ങി.

മക്കളെ അത് പൊട്ടും, അത് പറക്കൂട്ടി പ്ലാവാണ്, അച്ഛാച്ചൻ പൈസ ഉഴിഞ്ഞ് വയ്ക്കാറില്ലേ അവിടത്തെ ദൈവാന്നാ പറയണേ അമ്മ പറഞ്ഞു.

പക്ഷെ ഞങ്ങൾ അത് കേൾക്കാതെ വള്ളിയിൽ തൂങ്ങിയതും അത് പൊട്ടി താഴെ വീണ് മുറിവ് പറ്റി.

അമ്മ പറഞ്ഞത് കേട്ടെങ്കിൽ മുറിവ് പറ്റില്ലായിരുന്നു.

ഞാൻ ഓർത്തു.

അമ്മ വേഗം വന്ന് എടുത്ത് മരുന്നു വച്ചു തന്നു ഒപ്പം ഒരുമ്മയും. അതോടെ എന്റെ വേദന മാറി.

ദിവിക് വർമ്മ .C.K
1 A
ANMMUPS തളി

# എന്റെ പൂവ്

**കുട്ടിക്കവിത.**

മണമുള്ള പൂവ്
എന്ത് ഭംഗിയീ പൂവ്
ഞാൻ നട്ട ചെടിയിൽ
പൂത്തു നിൽക്കും പൂവ്.

Ridha Fathima. N
3. A
G M L. P SCHOOL- ALATHUR